
കെസിബിസി
മീഡിയ

# JUBILEO DE LA REDENCIÓN 2033

No tendrás que esperar 25 años para el próximo Jubileo



വത്തിക്കാൻ
തരംഗം

Vol No.36 No.6 June 2026 Rs.5.00




# KCBC Media
# Commission office Visit

**Vatican Representative Dr. Natasa Govekar,Director of the Theological-Pastoral Department, Dicastery for Communication Vatican City**

**Chairman of the CBCI Commission for Social Communications Most Rev. Dr. Vijayakumar Rayarala, visit to the KCBC Media Commission office at KCBC Secretariat Pastoral Orientation Centre**

വത്തിക്കാൻ തരംഗം
VATHICAN THARANGAM
JUNE - 2026
RN. 55 178/94
പുസ്തകം- 36
Monthly
ലക്കം - 6

# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- പട്ടിണിക്കെതിരെ ... 07
- സഭൈക്യത്തിന്റെ ... 12
- സുവിശേഷസാക്ഷ്യമായി ... 15
- സ്വർഗീയ മാതൃരാജ്യ ... 18
- സ്വയം ദാനത്തിലൂടെ ... 21
- ക്രിസ്തു ജീവിക്കുന്നു ... 24
- ദൈവദാസി മദർ മേരി സെലിൻ ... 27
- സത്യദീപം ... 32
- ഗണിതത്തിൽ നിന്ന് ... 34
- നേരിനൊപ്പം ... 35
- ചരിത്ര വീഥികളിലെ ... 36
- വാർത്തയും ചിന്തയും ... 38


*മുഖ്യരക്ഷാധികാരി*
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ




# വീണ്ടും കണ്ടെത്തണം നാം ഉത്ഥിതന്റെ ദാനങ്ങൾ ...

EDITORIAL



ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ 2033 –ാമത്തെ വാർഷികം ആഘോഷിക്കാൻ എല്ലാ ക്രൈസ്തവരുടെയും കൂടിവരവിനായി ലെയോ പതിനാലാമൻ മാർപാപ്പ ആഹ്വാനം ചെയ്തത്, രണ്ടാം സഹസ്രാബ്ദത്തിലേക്കുള്ള ക്രൈസ്തവരുടെ യാത്രയുടെ ആരംഭമായി ലോകമാധ്യമങ്ങൾ വിശേഷിപ്പിച്ചു കഴിഞ്ഞു. റോമിലെ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസ് ബർത്തലോമിയോയുടെ പ്രതിനിധികളെ അഭിസംബോധന ചെയ്യവേയാണ് പാപ്പ ചരിത്ര പ്രധാനമായ ഈ ആഹ്വനം നടത്തിയതെന്നതും ശ്രദ്ധേയമാണ്. ഉത്ഥിതന്റെ ദാനവും, കർത്താവിന്റെ സാക്ഷികളാകാനുള്ള ആഹ്വാനവും വീണ്ടും കണ്ടെത്താൻ ഈ വർഷാചരണ ചിന്തകൾ നമ്മെ സഹായിക്കുമെന്ന് പാപ്പ പ്രത്യാശ പ്രകടിപ്പിച്ചു.

2026 ജൂൺ 26, 27 തീയതികളിലായി വത്തിക്കാനിൽ നടന്ന കർദ്ദിനാൾമാരുടെ അസാധാരണ കൺസിസ്റ്ററിയിൽ നടന്ന ചർച്ചകൾ വ്യത്യസ്തമായ സഭകളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും വരുന്ന കർദ്ദിനാൾമാരുടെ ഹൃദയ ചിന്തകളായി രൂപാന്തരപ്പെടുകയായിരുന്നുവെന്ന് പാപ്പ പിന്നീട് അനുസ്മരിക്കുകയുണ്ടായി. സിനഡാലിറ്റിയുടെ കേന്ദ്രമെന്നു പറയുന്നത് കർത്താവ് സഭയെ ഏൽപ്പിച്ച ദാനം നാം എങ്ങനെ ഒരുമിച്ച് സംരക്ഷിക്കുമെന്ന ചോദ്യമാണ്. സഭകളെ സുവിശേഷാധിഷ്ഠിതമായ ഒരു ശൈലിയിൽ വളരാൻ സഹായിക്കുകയെന്നതും സിനഡാലിറ്റിയുടെ ലക്ഷ്യമാണ്. കൂടിക്കാഴ്ചകളിൽ പിറവിയെടുക്കുകയും ശ്രവണത്തിലൂടെ വളരുകയും വിവേചനത്തിലൂ



ടെ പക്വത പ്രാപിക്കുകയും ചെയ്യുന്ന ആത്മീയശൈലിയെക്കുറിച്ച് മാൾട്ടയിൽ നിന്നുള്ള കർദ്ദിനാളും ബിഷപ്പ്സ് സിനഡിന്റെ സെക്രട്ടറി ജനറലുമായ മാരിയോ ഗ്രെക്കിന്റെ (Mario Grech) അഭിപ്രായ പ്രകടനത്തിന് പാപ്പ അടിവരയിടുകയുണ്ടായി. വിനയത്തോടും സ്വാതന്ത്ര്യത്തോടും കൂടി നാം പരസ്പരം ശ്രവിച്ചുകൊണ്ട് പരിശുദ്ധാത്മാവിന് ഇടം നൽകുമ്പോൾ നമ്മുടെ സംഭാഷണങ്ങളും ആശയവിനിമയങ്ങളും മാനസാന്തരത്തിന്റെ വേദികളായി രൂപാന്തരം പ്രാപിക്കുമെന്ന് പാപ്പ ചൂണ്ടിക്കാണിക്കുന്നു. "സഭ എന്തിനെക്കുറിച്ച് പ്രഘോഷിക്കുന്നുവോ അത് തന്നെയായി സഭ മാറണം. ധ്രുവീകരണത്തിന്റെ കാലഘട്ടമാണിത്. ഈ നാളുകളിൽ സഭ ശ്രവിക്കുന്നതും സംവദിക്കുന്നതും തന്നെ ഒരു സുവിശേഷ പ്രഘോഷണമായി പരിണമിക്കുകയാണ്" പാപ്പ പറയുന്നു. 2027–28 കാലഘട്ടത്തിൽ സഭ വിഭാവനം ചെയ്യുന്ന നാല് പ്രധാന ഘട്ടങ്ങൾ കൺസിസ്റ്ററിയിൽ അവതരിപ്പിക്കപ്പെടുകയുണ്ടായി. 2027–ന്റെ ആദ്യ പകുതിയിൽ രൂപതാതലങ്ങളിൽ സിനഡ് തീരുമാനങ്ങളുടെ നടപ്പാക്കലിനെപ്പറ്റിയുള്ള വിലയിരുത്തൽ. 2027–ന്റെ രണ്ടാം പകുതിയിൽ ദേശീയ, പ്രാദേശിക മെത്രാൻ സമിതികളുടെ തലത്തിലുള്ള ചർച്ചകൾ. 2028–ന്റെ ആദ്യത്തെ നാല് മാസങ്ങളിലായിരിക്കും ഭൂഖണ്ഡാന്തര സമ്മേളനങ്ങൾ നടക്കുക, 2028– ഒക്ടോബറിൽ വത്തിക്കാനിൽ വച്ച് മാർപാപ്പയോടൊപ്പം ആഗോളസഭാഅസംബ്ലി നടത്തും. ഈ ഒരുക്ക സമ്മേളനങ്ങളെല്ലാം തന്നെ ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ 2033–ാം വാർഷികത്തിലേക്കുള്ള സഭയുടെ ആദ്യ ചുവടുകളായിരിക്കും.ഡൊമിനിക്കൻ വൈദികനായ ഫാ. മാത്യു ഫോക്സിന്റെ (Mathew Fox) ക്രിസ്തുവിനെപ്പറ്റിയുള്ള ഒരു നിർവചനത്തിന്റെ അവസാന വാക്കുകൾ ഇങ്ങനെ: "പാപിക്ക് അവിടുന്ന് രക്ഷകനാണ്. എനിക്ക് അവിടുന്ന് കർത്താവാണ്! " ഫ്രഞ്ച് സാഹിത്യകാരനായ പോൾ ക്ലൗഡൽ (Paul Claudel 1868 – 1955) പാരീസിലെ നോത്രദാം കതീഡ്രലിൽ നടന്ന ക്രിസ്മസ് ദിനത്തിലെ സായാഹ്ന പ്രാർത്ഥനയിൽ പങ്കെടുക്കവേ ക്രിസ്തുമതം സ്വീകരിക്കുകയായിരുന്നു. കവിയും നാടകകൃത്തുമായ ക്ലൗഡൽ ക്രൈസ്തവർക്ക് നൽകിയ ഒരു ഉപദേശമുണ്ട്: "ക്രിസ്തുവിനെപ്പറ്റി ആളുകൾ ചോദിക്കുന്ന വിധത്തിൽ ജീവിക്കുക!" ഹൃദയത്തിലേക്കു നോക്കി നമുക്ക് സ്വയം ചോദിക്കാം: "ആ ജീവിതപാതയിലാണോ നാം?" ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ



കെ.സി.ബി.സി–യുടെ ആഭിമുഖ്യത്തിൽ 2026 സെപ്തംബറിനു നടത്തപ്പെടുന്ന 37–)മത് അഖില കേരള പ്രൊഫഷണൽ നാടക മത്സരത്തിലേക്ക് രചനകൾ ക്ഷണിക്കുന്നു. ഡി.ടി.പി–യിൽ തയ്യാറാക്കിയ നാലു പ്രതികളും റെജിസ്ട്രേഷൻ ഫീസായി 500 രൂപയുടെ ഡ്രാഫ്റ്റോ പോസ്റ്റൽ ഓർഡറോ രചനകൾക്കൊപ്പം ഓഗസ്റ്റ് 10–നു മുൻപായി അയക്കേണ്ടതാണ്. രചനകളുടെ മൂന്ന് കോപ്പികൾ തപാലിലോ നേരിട്ടോ നൽകാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് ഗൂഗിൾപേ ചെയ്യാവുന്നതാണ്.

അയക്കേണ്ട വിലാസം

--

Fr.Sebastian Milton Kalappurakkal,
Secretary, KCBC Media Commission
POC Palarivattom, Kochi 682 025
Kerala, India.
mobile 9446024490
frmilton@gmail.com




# പട്ടിണിക്കെതിരെ വേണം രാഷ്ട്രങ്ങളുടെ സംയുക്ത യുദ്ധം: ലിയോ മാർപാപ്പ

SPECIAL REPORT

**ബാബു കദളിക്കാട്**



**വത്തിക്കാൻ സിറ്റി :** ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള സംയുക്ത ദൗത്യം ആഗോള ഉത്തരവാദിത്തമായി പരിഗണിക്കണമെന്ന് ലിയോ പതിനാലാമൻ മാർപാപ്പ.റോമിൽ ഐക്യരാഷ്ട്രസഭയുടെ ലോക ഭക്ഷ്യപദ്ധതിയുടെ വാർഷിക യോഗത്തെ അഭിസംബോധന ചെയ്യവേയാണ് പട്ടിണിക്കെതിരെ രാഷ്ട്രങ്ങളുടെ സംയുക്ത യുദ്ധം അനിവാര്യമെന്ന് പാപ്പാ ഊന്നിപ്പറഞ്ഞത്. ജനങ്ങൾക്കു ഭക്ഷണം ഉറപ്പാക്കുന്നതിലും എത്രയോ വലിയ ഔൽസുക്യത്തോടെയാണ് ലോകത്തു സംഘർഷം സൃഷ്ടിക്കുന്നതും വളർത്തുന്നതുമെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. ഭക്ഷണം, വെള്ളം, ആരോഗ്യ സംരക്ഷണം എന്നിവയെ ഭൂരാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് കീഴ്പ്പെടുത്തുന്നതിലെ അനീതി ഏറ്റവും വിനാശകരമാണെന്ന് ലിയോ മാർപാപ്പ പരിതപിച്ചു.ഇക്കാര്യം തിരിച്ചറിഞ്ഞുള്ള നവീകരിച്ച ബഹുരാഷ്ട്രവാദവുമായി രാഷ്ട്രങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണം.സംഘർഷങ്ങൾക്കിടയിലും പ്രകൃതിദുരന്തങ്ങൾക്കിടയിലും ജീവന് സംരക്ഷണമൊരുക്കുവാൻ, ഐക്യരാഷ്ട്രസഭയുടെ കീഴിലെ ഭക്ഷ്യ–കാർഷിക സംഘടന നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസാർഹമാണ്.



**അടിയന്തര ദൗത്യം**

മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും അയൽക്കാരനെ സ്നേഹിക്കാനുമുള്ള സുവിശേഷ സന്ദേശം സഭയുടെയും ലോക ഭക്ഷ്യപദ്ധതിയുടെയും ദൗത്യങ്ങളിൽ ഒരുപോലെ പ്രതിഫലിക്കുന്നു. പട്ടിണിയും പോഷകാഹാരക്കുറവും നേരിടുന്നതിനൊപ്പം അവയുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ലോകരാജ്യങ്ങൾ ഒന്നിക്കണമെന്ന് പാപ്പാ ആഹ്വാനം ചെയ്തു.'വിശപ്പും പോഷകാഹാരക്കുറവും നേരിടുന്നതിനിടയിൽ അവയെ നിലനിർത്തുന്ന അടിസ്ഥാന ഘടനാപരമായ കാരണങ്ങളെ നേരിടുക എന്ന അടിയന്തര ദൗത്യം നമ്മൾ ഒരുമിച്ച് പങ്കിടേണ്ടതുണ്ട്. ഈ ദൗത്യം ഫലപ്രദമായി നിറവേറ്റുന്നതിന്, നമ്മുടെ മുന്നിലുള്ള വെല്ലുവിളികൾ, അവയുടെ അടിസ്ഥാന കാരണങ്ങൾ, ശാശ്വത പരിഹാരങ്ങളിലേക്കുള്ള വഴികൾ എന്നിവ നാം പരിശോധിക്കണം.' ആധുനിക ലോകത്ത് അന്താരാഷ്ട്ര സഹകരണം നേരിടുന്ന പ്രതിസന്ധികൾ നിരന്തരം ആശങ്ക വളർത്തുന്നു. രാജ്യങ്ങൾ തമ്മിലുള്ള അവിശ്വാസം വർദ്ധിക്കുന്നതും സൈനിക ചെലവുകൾക്കായി വിഭവങ്ങൾ വകമാറ്റുന്നതും പട്ടിണി വിരുദ്ധ പോരാട്ടത്തെ ദുർബലപ്പെടുത്തുന്നുണ്ട്. ലോകത്ത് ഭക്ഷണത്തേക്കാൾ വേഗത്തിൽ ആയുധങ്ങൾ അതിർത്തികൾ കടന്നെത്തുന്നു എന്നത് വേദനാജനകമായ ഒരു വൈരുദ്ധ്യമാണെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. രാഷ്ട്രീയവും സാമ്പത്തികവുമായ താൽപ്പര്യങ്ങൾക്കുപരിയായി മാനുഷിക മൂല്യങ്ങൾക്ക് മുൻഗണന നൽകാൻ ആഗോള സമൂഹം തയ്യാറാകണം. ഐക്യദാർഢ്യം എന്നത് കേവലം ചുവപ്പുനാടകളിൽ കുടുങ്ങിക്കിടക്കുന്ന ഒന്നാകരുത്.

ഭക്ഷണം, വെള്ളം, ആരോഗ്യം എന്നിവ വിപണിയിലെ കച്ചവടച്ചരക്കുകളല്ല, മറിച്ച് ഓരോ

മനുഷ്യന്റെയും മൗലികാവകാശമാണെന്ന് പാപ്പാ ഊന്നിപ്പറഞ്ഞു. സർക്കാരുകൾക്കും അന്താരാഷ്ട്ര ഏജൻസികൾക്കും കടന്നുചെല്ലാൻ ബുദ്ധിമുട്ടുള്ള മേഖലകളിൽ കത്തോലിക്കാ സഭയുടെ കീഴിലുള്ള ഇടവകകളും കാരിത്താസ് പോലുള്ള സന്നദ്ധ സംഘടനകളും നടത്തുന്ന സേവനങ്ങൾ ഗണനീയമാണ്. ഇത്തരം പ്രാദേശിക പങ്കാളികളുമായി സഹകരിക്കുന്നത് സഹായങ്ങൾ അർഹരായവരിലേക്ക് നേരിട്ട് എത്തിക്കാൻ സഹായിക്കും. പട്ടിണി നിർമ്മാർജ്ജനം ചെയ്യുന്നത് കേവലം ഒരു കാരുണ്യപ്രവർത്തനമല്ല, മറിച്ച് ലോകത്തിന്റെ സുരക്ഷയ്ക്കും സമാധാനത്തിനും അത്യന്താപേക്ഷിതമായ കാര്യമാണ്.

## അടിസ്ഥാന ചോദ്യം

ഒറ്റപ്പെട്ട സംഭവങ്ങൾക്കപ്പുറമായി ഇക്കാലത്തു പ്രതിസന്ധികൾ നിരന്തരയാഥാർത്ഥ്യങ്ങളായി പരിണമിച്ചിരിക്കുന്നു. ദീർഘകാല സംഘർഷങ്ങൾ, വിട്ടുമാറാത്ത ഭക്ഷ്യ അരക്ഷിതാവസ്ഥ, സാമ്പത്തിക അസ്ഥിരത, വർദ്ധിച്ചുവരുന്ന കാലാവസ്ഥാ ദുർബലതകൾ എന്നിവയാൽ അവ അടയാളപ്പെടുത്തപ്പെടുന്നു.ഈ യാഥാർത്ഥ്യം വിശകലനം ചെയ്യവേ , 'ആഗോള ക്രമത്തിന്റെ ഏതേതു ഘടകങ്ങളാണ് അത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കാനും പുനരുൽപ്പാദിപ്പിക്കാനും ചിലപ്പോൾ സാധാരണ നിലയിലാക്കാനും ലോകത്തെ പ്രാപ്തമാക്കുന്നതെ'ന്ന അടിസ്ഥാന ചോദ്യം പ്രധാനമാണെന്ന് പാപ്പാ അഭിപ്രായപ്പെട്ടു. ബഹുരാഷ്ട്ര വ്യവസ്ഥയുടെ പ്രതിസന്ധിയിൽ നിന്ന് ഉടലെടുക്കുന്ന അന്താരാഷ്ട്ര ക്രമം കൂടുതൽ കൂടുതൽ വിഘടിച്ചിരിക്കുന്നു. സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതുപോലെയുള്ള ദീർഘകാല പദ്ധതികളെ പാപ്പാ പ്രശംസിച്ചു. അമിതമായ സങ്കീർണ്ണതകൾ ഒഴിവാക്കി, ഒരു മനുഷ്യനും വിസ്മരിക്കപ്പെടാത്ത വിധം സഹായങ്ങൾ എത്തിക്കാനുള്ള നിശ്ചയദാർഢ്യം ലോകരാജ്യങ്ങൾക്കുണ്ടാകണം. മനുഷ്യന്റെ അന്തസ്സ് ദൈവദത്തമാണെന്നും അത് സംരക്ഷിക്കുന്നതിലാണ് രാഷ്ട്രീയത്തിന്റെയും ഭരണത്തിന്റെയും വിജയം ഇരിക്കുന്നതെന്നും പാപ്പാ ഓർമ്മിപ്പിച്ചു. ലോകം മുഴുവൻ ദാരിദ്ര്യത്തിൽ നിന്ന് മോചിതമാകാനും എല്ലാവർക്കും ദൈനംദിന ഭക്ഷണം ലഭിക്കാനും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് ലിയോ പതിനാലാമൻ മാർപാപ്പ തന്റെ സന്ദേശം ഉപസംഹരിച്ചത്.

## 'ലൗദാത്തോ സീ ഗ്രാമ സംവാദങ്ങൾ'

ദുർബലരായ മനുഷ്യരെപ്പോലും പരിഗണിക്കാതെ, മനുഷ്യത്വരഹിതമായ രീതിയിൽ, ലാഭക്കണക്കുകൾ മാത്രം നോക്കി സ്വാർത്ഥതയുടെ ബാബേൽ ഗോപുരം പണിതുയർത്തുന്നതിന് പകരം, സ്നേഹസംസ്കാരത്തിൽ അധിഷ്ഠിതമായതും സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക നയങ്ങളനുസരിച്ച് മുന്നോട്ടു പോകുന്നതുമായ പൊതുനന്മ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ്  നാം പരിശ്രമിക്കേണ്ടതെന്ന് ലിയോ പതിനാലാമൻ പാപ്പാ. 'ലൗദാത്തോ സീ ഗ്രാമ സംവാദങ്ങൾ' എന്ന പേരിൽ കസ്റ്റേൽ ഗന്തോൾഫോയിൽ സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തിൽ സംബന്ധിച്ചവർക്ക് വത്തിക്കാനിലെ കൺസിസ്റ്ററി ശാലയിൽ കൂടിക്കാഴ്ച അനുവദിച്ച് സംസാരിക്കവെ, സിനഡാത്മക ശൈലിയിൽ പൊതുനന്മ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളെ പാപ്പാ അഭിനന്ദിച്ചു. 'സ്നേഹത്തിന്റെ സംസ്കാരം ഗംഭീരമോ വലുതോ ആയ ഒരു പ്രവൃത്തിയിൽനിന്നല്ല, ചെറുതും ഉറച്ചതുമായ അനേകം പ്രവൃത്തികൾ ഒരുമിച്ച് ചേരുമ്പോഴാണ് ഉണ്ടാവുക. കസ്റ്റേൽ ഗന്തോൾഫോയിലെ പൂന്തോട്ടത്തിൽ നടന്ന ഈ ആദ്യസമ്മേളനത്തിൽ, പ്രാദേശികമായ അറിവുകളെ ഉത്തരവാദിത്വപൂർവ്വം ആഗോളപരമായ നന്മയ്ക്കുവേണ്ടി പങ്കുവയ്ക്കുകയാണ് നിങ്ങൾ ചെയ്തതെ'ന്ന് പാപ്പാ പറഞ്ഞു. ഈയൊരു സംസ്കാരത്തിന്റെ സാക്ഷാത്കാരത്തിനായി, എളിമയോടെ, എന്നാൽ ധൈര്യപൂർവ്വം മുന്നോട്ട് പോകാൻ സമ്മേളനത്തിൽ പങ്കുചേർന്നവരോട് പാപ്പാ ആവശ്യപ്പെട്ടു.









## പരിവർത്തന ലക്ഷ്യം

തന്റെ പ്രഥമ അപ്പസ്തോലിക ലേഖനമായ 'മഞ്ഞീഫിക്ക ഉമാനിത്താസിലൂടെ' (Magnifica humanitas) താൻ മുന്നോട്ടുവച്ച ആഹ്വാനം സ്വീകരിച്ച്, പൊതുനന്മയും ഏവരുടെയും അന്തസ്സ് പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമാക്കിയുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി ഈ സംരംഭത്തിലെ ആളുകൾ സമകാലീനലോകത്തെ ഭിന്നതലങ്ങളിലുള്ള മനുഷ്യരുമായി സംവാദങ്ങൾ നടത്തിയത് പാപ്പാ തന്റെ പ്രഭാഷണത്തിൽ പ്രത്യേകം അനുസ്മരിച്ചു. കത്തോലിക്കാ സഭയിലെ സിനഡാത്മക ദർശനത്തിൽ അധിഷ്ഠിതമായാണ് 'ലൗദാത്തോ സീ ഗ്രാമ സംവാദങ്ങൾ' എന്ന പദ്ധതിയിലെ സംവാദങ്ങൾ സംഘടിപ്പിക്കപ്പെട്ടതെന്ന കാര്യം ചൂണ്ടിക്കാട്ടിയ പാപ്പാ, ലോകത്തിന്റെ വിവിധയിടങ്ങളിലും വിവിധ മേഖലകളിലും നിന്ന് വരുന്ന നിങ്ങൾ, ലോകത്ത് പാരിസ്ഥിതികവും സാമൂഹികവും സാമ്പത്തികവുമായ പരിവർത്തനം ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചതെന്ന് പറഞ്ഞു. ഇതാദ്യമായാണ് 'ലൗദാത്തോ സീ ഗ്രാമ സംവാദങ്ങൾ' എന്ന പേരിൽ രണ്ടു ദിനങ്ങൾ നീണ്ട ഇത്തരമൊരു സമ്മേളനം നടന്നത്. നിർമ്മിത ബുദ്ധിയും അത് മനുഷ്യാന്തസ്സിന്മേൽ ഉളവാക്കുന്ന മാറ്റങ്ങൾ, ആരോഗ്യപരമായ ജീവിതവളർച്ച, കായികനയതന്ത്രം, പാരിസ്ഥിതിക സമഗ്രത തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ചകളിൽ ഇടം പിടിച്ചിരുന്നു. ❍


JM
PRAISED FOR EVER BE JESUS & MARY
ക്രിസ്തുവിന്റെ മണവാട്ടിമാരായി ജീവിതം സമർപ്പിച്ച് ജൂബിലി ആഘോഷിക്കുന്ന
രജത ജൂബിലി ആഘോഷിക്കുന്ന
25
സിസ്റ്റർ ജോസ്ന ഫെർണാണ്ടസ്
സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന
50
സിസ്റ്റർ റോസ്‌ലി തോമസ്



# സഭൈക്യത്തിന്റെ ശില്പികളാകാൻ പാപ്പയുടെ ആഹ്വാനം

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

**SPECIAL REPORT**



**വത്തിക്കാൻ സിറ്റി:** സഭയിൽ ഐക്യത്തിന്റെ ശില്പികളാകാനും സ്നേഹത്തിലും സത്യത്തിലും അധിഷ്ഠിതമായ കൂട്ടായ്മ വളർത്തിയെടുക്കാനും പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ വിശ്വാസികളെ ആഹ്വാനം ചെയ്തു. വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും തിരുനാളിനോടനുബന്ധിച്ച് വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ അർപ്പിച്ച തിരുക്കർമ്മമധ്യേ വചനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ജൂൺ 29-ന് സഭയുടെ രണ്ട് മഹത്തായ ശ്ലീഹന്മാരുടെ തിരുനാൾ ആഘോഷിക്കുന്ന വേളയിൽ നടന്ന ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ച പാപ്പാ, ദൈവജനത്തിന്റെ കാവൽക്കാരനായ വിശുദ്ധ പത്രോസ് പുതിയ നിയമത്തിൽ സഭയുടെ ഐക്യം സംരക്ഷിക്കാൻ അക്ഷീണം പരിശ്രമിച്ച വ്യക്തിയാണെന്ന് ഓർമ്മിപ്പിച്ചു. നിരാശകൾക്കിടയിലും സുവിശേഷം പ്രസംഗിക്കാനും ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തെ ഒരുമിച്ചുനിർത്താനുമുള്ള ദൗത്യത്തിൽ അദ്ദേഹം ഉറച്ചുനിന്നുവെന്നും പാപ്പാ പറഞ്ഞു.

## താക്കോലുകൾ എന്ന പ്രതീകം

പത്രോസ് ശ്ലീഹായുടെ 'താക്കോലുകൾ' എന്ന പ്രതീകം സഭയിലെ ഐക്യത്തിന്റെ അടയാളമാണെന്ന് പാപ്പാ വിശദീകരിച്ചു. ഒരു താക്കോൽ വാതിലുകൾ തകർക്കുന്നതിനല്ല, മറിച്ച് അവ തുറക്കുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനും ഒറ്റപ്പെട്ട ഇടങ്ങളെ ഒരേ ഭവനത്തിന്റെ ഭാഗമാക്കുന്നതിനുമാണ് ഉപയോഗിക്കുന്നത്. അതുപോലെ, സഭയിലെ കൂട്ടായ്മ സ്വന്തം അഭിപ്രായങ്ങളിൽ കടുംപിടിത്തം പുലർത്തുന്നതിലൂടെയല്ല, മറിച്ച് സത്യത്തിന്റെ പ്രകാശത്തിൽ പരസ്പരം

## അഭിനന്ദനങ്ങൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 'സിനഡൽ കമ്മീഷൻ ഫോർ മൈഗ്രന്റ്സ്' (Synodal Commission for Migrants) സെക്രട്ടറിയായി റവ. ഫാ. തോംസൺ ജോസ് പഴയചിറപീടികയിലിനെ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി നിയമിച്ചു. തോംസൺ അച്ചന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

കേൾക്കുകയും മനസ്സിലാക്കുകയും ഒരുമിച്ച് വളരുകയും ചെയ്യുന്നതിലൂടെയാണ് രൂപപ്പെടേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. കർത്താവ് പത്രോസിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും ഏൽപ്പിച്ച ദൗത്യം ഈ കാഴ്ചപ്പാടിലാണ് മനസ്സിലാക്കേണ്ടതെന്നും പാപ്പാ വ്യക്തമാക്കി. മറ്റുള്ളവരുടെ ശബ്ദം ശ്രദ്ധയോടെ കേൾക്കുക, പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ തിരിച്ചറിയുക, വഴികാട്ടുക, തെറ്റുകൾ സ്നേഹത്തോടെ തിരുത്തുക, വിശ്വാസത്തിൽ പ്രോത്സാഹിപ്പിക്കുക, സഹോദരങ്ങളെ ഒരുമിച്ച് മുന്നോട്ട് നയിക്കുക എന്നിവ സഭയിലെ എല്ലാ ശുശ്രൂഷകരുടെയും ഉത്തരവാദിത്വമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ദൈവത്തെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കുകയും സഹോദരങ്ങളുടെ ആവശ്യങ്ങളോട് സംവേദനക്ഷമരായി സ്നേഹത്തിൽ ജീവിക്കുകയും ചെയ്യുമ്പോഴാണ് സുവിശേഷ ദൗത്യം ഫലപ്രദമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിശുദ്ധ പൗലോസിനെ പരാമർശിച്ച പാപ്പാ, ദൈവവചനത്തിന്റെ ശക്തിയാണ് അദ്ദേഹത്തെ അക്രമത്തിന്റെ വഴിയിൽ നിന്ന് സ്നേഹത്തിന്റെയും സുവിശേഷപ്രഘോഷണത്തിന്റെയും വഴിയിലേക്ക് നയിച്ചതെന്ന് പറഞ്ഞു. ദൈവവചനം മനുഷ്യഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ജീവിതത്തെ നവീകരിക്കുകയും ചെയ്യുന്ന ശക്തിയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പത്രോസിനെയും പൗലോസിനെയും പോലെ ഓരോ ക്രൈസ്തവനും സ്വന്തം തെറ്റുകൾ തിരിച്ചറിഞ്ഞ് ദൈവത്തിലേക്ക് മടങ്ങുകയും സഭയെ ആത്മാർത്ഥമായി സേവിക്കുകയും ചെയ്യേണ്ടതുണ്ടെന്നും പാപ്പാ ഓർമ്മിപ്പിച്ചു.

### ഏക മനസ്സോടെ മുന്നേറാൻ

ഈ സന്ദർഭത്തിൽ, വിശുദ്ധ അഗസ്റ്റിന്റെ വാക്കുകളും അദ്ദേഹം ഉദ്ധരിച്ചു: "ദൈവം സഭയെ പീഡിപ്പിച്ചവനെ സമാധാനത്തിന്റെ ദൂതനാക്കി. അവന്റെ പാപങ്ങൾ ക്ഷമിക്കുകയും, മറ്റുള്ളവരുടെ പാപങ്ങൾ ക്ഷമിക്കാൻ അധികാരമുള്ള ശുശ്രൂഷയിൽ അവനെ നിയോഗിക്കുകയും ചെയ്തു."തിരുക്കർമ്മത്തിനിടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പുതിയ മെത്രാപ്പോലീത്തമാർക്ക് പാപ്പാ പാലിയം (Pallium) കൈമാറി. നല്ല ഇടയൻ ആട്ടിൻകുട്ടികളെ തോളിലേറ്റുന്ന സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും പ്രതീകമാണ് ഈ വെളുത്ത പട്ടയമെന്ന് അദ്ദേഹം വിശദീകരിച്ചു. വിശ്വാസികൾക്കുവേണ്ടി സ്വന്തം സമയവും ശക്തിയും ജീവിതവും സമർപ്പിക്കാൻ ഇടയന്മാർ എപ്പോഴും സന്നദ്ധരായിരിക്കണമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കേറ്റിൽ നിന്ന് എത്തിയ പ്രതിനിധി സംഘത്തെ പാപ്പാ പ്രത്യേകം അഭിവാദ്യം ചെയ്യുകയും പാത്രിയർക്കീസ് ബർത്തലോമിയോസിനോടുള്ള സ്നേഹവും സഭകളുടെ ഐക്യത്തിനായുള്ള പ്രത്യാശയും പങ്കുവെക്കുകയും ചെയ്തു. അന്ത്യഅത്താഴവേളയിൽ യേശു പ്രാർത്ഥിച്ചതുപോലെ, എല്ലാ ക്രൈസ്തവരും ഏകമനസ്സോടെ മുന്നേറാൻ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും മാധ്യസ്ഥം അഭ്യർത്ഥിച്ചുകൊണ്ടാണ് അദ്ദേഹം സന്ദേശം സമാപിച്ചത്. ❍

TQRCG

# സത്യദീപം

**100**

നേരിന്റെ നൂറു വർഷങ്ങൾ

1927-2027

## ശതാബ്ദിയാരംഭം

കലൂർ റിന്യൂവൽ സെന്റർ, 2026 ആഗസ്റ്റ് 8 ശനി, 5.00 PM

**5.00 PM**

**സത്യദീപം :**
**ചരിത്രം, വർത്തമാനം**

ശ്രീ. പി എഫ് മാത്യൂസ്
ശ്രീ. ജോണി ലൂക്കോസ്
ഡോ. പോൾ തേലക്കാട്ട്
ഡോ. കുര്യാക്കോസ് മുണ്ടാടൻ
ബോബി ജോസ് കട്ടികാട് കപ്പൂച്ചിൻ
ഫാ. കുര്യാക്കോസ് പുത്തൻമാനായിൽ
സി. ശോഭ സി എസ് എൻ
എന്നിവർ സംസാരിക്കുന്നു

**6.00 PM**

**പൊതുസമ്മേളനവും സത്യദീപം സാഹിത്യപുരസ്കാര സമർപ്പണവും**

ഈശ്വര പ്രാർത്ഥന
സ്വാഗതം : ഫാ. മാർട്ടിൻ എടയന്ത്രത്ത് [ചീഫ് എഡിറ്റർ, സത്യദീപം]
അനുഗ്രഹപ്രഭാഷണം : മേജർ ആർച്ചുബിഷപ് റാഫേൽ തട്ടിൽ
ഉദ്ഘാടനം, മുഖ്യപ്രഭാഷണം : ശ്രീ. വി ഡി സതീശൻ [മുഖ്യമന്ത്രി]
കർദിനാൾ പാറേക്കാട്ടിൽ - സത്യദീപം സാഹിത്യപുരസ്കാര പ്രഖ്യാപനം
: പ്രൊഫ. എം തോമസ് മാത്യു [സാഹിത്യ നിരൂപകൻ]
: ശ്രീ. വി ഡി സതീശൻ പുരസ്കാരം ശ്രീ. ടി പത്മനാഭന് സമർപ്പിക്കുന്നു
മറുപടി : ശ്രീ. ടി പത്മനാഭൻ
അനുഗ്രഹപ്രഭാഷണം : ആർച്ചുബിഷപ് ജോസഫ് പാംപ്ലാനി [മെത്രാപ്പോലീത്തൻ വികാരി]

ഗ്രന്ഥപ്പുര

ഡിജിറ്റൽ ആർക്കൈവ് ഉദ്ഘാടനം : ശ്രീ. റോജി എം ജോൺ [ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി]
ശതാബ്ദി പതിപ്പ് പ്രകാശനം : ശ്രീ. ഹൈബി ഈഡൻ MP
ആശംസ : ജസ്റ്റിസ് കുര്യൻ ജോസഫ് [സുപ്രീം കോടതി മുൻ ജഡ്ജി]
ശ്രീ. ടി ജെ വിനോദ് MLA
ശ്രീ. മനോജ് മൂത്തേടൻ MLA
ശ്രീ. എം ജി അരിസ്റ്റോട്ടിൽ [കൗൺസിലർ]
നന്ദി : ഫാ. ജസ്റ്റിൻ കൈപ്രമ്പാടൻ [ഡയറക്ടർ, വിയാനി പ്രിന്റിംഗ്സ്]

✦ ദേശീയഗാനം ✦ സ്നേഹവിരുന്ന്

സത്യദീപം
100
നേരിന്റെ നൂറു വർഷങ്ങൾ




# സുവിശേഷസാക്ഷ്യമായി മാറണം നാം: പാപ്പ

SPECIAL REPORT

**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ



**വത്തിക്കാൻ സിറ്റി:** സഭ ലോകത്തോട് പ്രഘോഷിക്കുന്ന സുവിശേഷം സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തുന്ന സമൂഹമായി മാറണമെന്നും, ശ്രവണത്തിലും സംവാദത്തിലും സിനഡാലിറ്റിയുടെ ആത്മാവിലും സഭയുടെ ദൗത്യം കൂടുതൽ ശക്തിപ്പെടണമെന്നും പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ ആഹ്വാനം ചെയ്തു. വത്തിക്കാനിൽ ചേർന്ന കർദിനാൾമാരുടെ അസാധാരണ കൺസിസ്റ്ററിയുടെ സമാപനത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ജൂൺ 26, 27 തീയതികളിലായി നടന്ന കൺസിസ്റ്ററിയിൽ വിവിധ ഭൂഖണ്ഡങ്ങളെയും സഭാ പാരമ്പര്യങ്ങളെയും പ്രതിനിധീകരിച്ച കർദിനാൾമാർ പങ്കെടുത്തിരുന്നു. സമാപന സന്ദേശത്തിന്റെ തുടക്കത്തിൽ, വെനിസ്വേലയിൽ അടുത്തിടെ ഉണ്ടായ ഭൂകമ്പത്തിൽ ദുരിതമനുഭവിക്കുന്നവരോടുള്ള തന്റെ ആത്മീയ ഐക്യദാർഢ്യവും കർദിനാൾസഭയുടെ പ്രാർത്ഥനകളും പാപ്പാ അറിയിച്ചു.

**പ്രത്യാശയുടെ അടയാളം**

കൺസിസ്റ്ററിയിൽ പങ്കെടുത്ത കർദിനാൾമാർ പ്രകടിപ്പിച്ച സ്വാതന്ത്ര്യത്തിനും സാഹോദര്യത്തിനും സഭാത്മക ചൈതന്യത്തിനും നന്ദി രേഖപ്പെടുത്തിയ പാപ്പാ, വിവിധ സഭകളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നും ജീവിതസാഹചര്യ

ങ്ങളിൽ നിന്നും എത്തിച്ചേർന്നവർ പരസ്പരം ശ്രദ്ധയോടെ ശ്രവിക്കുകയും, സുവിശേഷത്തിന് ഏറ്റവും അനുയോജ്യമായ വഴികൾ ഒരുമിച്ച് അന്വേഷിക്കുകയും ചെയ്യുന്നത് സഭയുടെ പ്രത്യാശയുടെ അടയാളമാണെന്ന് പറഞ്ഞു. കർദിനാൾമാരുടെ അഭിപ്രായങ്ങൾ മാത്രമല്ല, അവയ്ക്ക് രൂപം നൽകിയ ജീവിതാനുഭവങ്ങളും സഭയുടെ വിവേചനപ്രക്രിയയെ സമ്പന്നമാക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു."കർത്താവ് തന്റെ സഭയെ ഏൽപ്പിച്ച ദാനത്തെ നാം എങ്ങനെ ഒരുമിച്ച് സംരക്ഷിക്കും?" എന്ന ചോദ്യമാണ് സിനഡാലിറ്റിയുടെ കേന്ദ്രമെന്ന് പാപ്പാ പറഞ്ഞു. കൂടിക്കാഴ്ചകളിൽ നിന്ന് ജനിക്കുകയും, പരസ്പര ശ്രവണത്തിലൂടെ വളരുകയും, ആത്മീയ വിവേചനത്തിലൂടെ പക്വത പ്രാപിക്കുകയും ചെയ്യുന്ന ജീവിതശൈലിയാണ് സിനഡാലിറ്റിയെന്ന് അദ്ദേഹം വിശദീകരിച്ചു. വിനയത്തോടെയും തുറന്ന മനസ്സോടെയും പരസ്പരം കേൾക്കുകയും പരിശുദ്ധാത്മാവിന് ഇടം നൽകുകയും ചെയ്യുമ്പോൾ, നമ്മുടെ സംഭാഷണങ്ങൾ വെറും ആശയവിനിമയമായി ചുരുങ്ങാതെ മാനസാന്തരത്തിന്റെയും വിശ്വാസവളർച്ചയുടെയും അവസരങ്ങളായി മാറുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.യുദ്ധം, അക്രമം, ദാരിദ്ര്യം, സാമൂഹിക അനീതി എന്നിവ മനുഷ്യകുടുംബത്തിന് സൃഷ്ടിക്കുന്ന മുറിവുകളെക്കുറിച്ചും പാപ്പാ പരാമർശിച്ചു. ഇന്നത്തെ ലോകം യഥാർഥ ബന്ധങ്ങൾക്കും പ്രത്യാശയ്ക്കുമായി ദാഹിക്കുകയാണെന്നും, പ്രത്യേകിച്ച് യുവജനങ്ങളുടെ ആധികാരികതയ്ക്കും ജീവിതാർത്ഥത്തിനുമുള്ള അന്വേഷണം സുവിശേഷം ഇന്നും മനുഷ്യഹൃദയത്തിന്റെ ആഴത്തിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നുവെന്നതിന്റെ തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

## കുടുംബത്തിന്റെ പ്രാധാന്യം

കുടുംബത്തിന്റെ പ്രാധാന്യവും പാപ്പാ പ്രത്യേകം എടുത്തുപറഞ്ഞു. കുടുംബം മുറിവേൽക്കുകയോ ഒറ്റപ്പെടുകയോ ചെയ്യുമ്പോൾ സമൂഹം മുഴുവൻ അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. 'അമോരിസ് ലെത്തീസ്യ' പ്രസിദ്ധീകരിച്ചതിനുശേഷം കുടുംബ അജപാലനരംഗത്ത് ഉണ്ടായ പുരോഗതി വിലയിരുത്തുന്നതിനായി, അടുത്ത ഒക്ടോബറിൽ പൗരസ്ത്യ കത്തോലിക്കാ സഭകളുടെ തലവന്മാരെയും വിവിധ മെത്രാൻ സമിതികളുടെ അധ്യക്ഷന്മാരെയും പങ്കെടുപ്പിച്ച് പ്രത്യേക സമ്മേളനം ചേരുമെന്നും, വിവിധ സഭകളിലെ കുടുംബങ്ങളുടെ അനുഭവങ്ങൾ കൂടുതൽ ആഴത്തിൽ കേൾക്കാൻ ആഗ്രഹിക്കുന്നുവെന്നും പാപ്പാ അറിയിച്ചു.യുദ്ധം രാഷ്ട്രങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടൽ മാത്രമല്ലെന്നും, മനുഷ്യന്റെ ചിന്താരീതികളിലും അധികാരപ്രയോഗത്തിലും സമ്പദ്വ്യവസ്ഥയിലും സാങ്കേതികവിദ്യയിലും മതജീവിതത്തിലും കടന്നുകയറിയിരിക്കുന്ന "ശക്തിയുടെ സംസ്കാരത്തിന്റെ" പ്രകടനമാണെന്നും അദ്ദേഹം പറഞ്ഞു. ഇതിനെ മറികടക്കാനുള്ള മാർഗം സഹകരണത്തിന്റെയും സംവാദത്തിന്റെയും സമാധാനത്തിന്റെയും സംസ്കാരം വളർത്തിയെടുക്കുകയാണെന്ന് പാപ്പാ ഊന്നിപ്പറഞ്ഞു. അഹിംസയും ക്ഷമയും സ്നേഹവും വെറുപ്പിനെയും പ്രതികാരത്തെയും അതിജീവിക്കുന്ന ക്രിസ്തുവിന്റെ ശക്തിയുടെ സാക്ഷ്യങ്ങളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## യഥാർത്ഥ സിനഡൽ മനോഭാവം

സന്ദേശത്തിന്റെ സമാപനത്തിൽ, "സഭ എന്തിനെക്കുറിച്ച് പ്രഘോഷിക്കുന്നുവോ അത് തന്നെയായി സഭ മാറണം" എന്ന ആഹ്വാനം പാപ്പാ ആവർത്തിച്ചു. ധ്രുവീ

## Vatican Appointments



# പുതിയ നിയമനങ്ങൾ

**വത്തിക്കാൻ സിറ്റി:** സമഗ്ര മാനവിക വികസനത്തിനായുള്ള ഡിക്കസ്റ്ററിയുടെ പുതിയ പ്രീഫെക്റ്റായി സിസ്റ്റർ അലെസാന്ദ്ര സ്മെറില്ലിയെ പരിശുദ്ധ പിതാവ് നിയമിച്ചു. അതേ ഡിക്കസ്റ്ററിയിൽ അണ്ടർസെക്രട്ടറിയായും 'ലൗദാത്തോ സി' പരിശീലന കേന്ദ്രത്തിന്റെ പ്രത്യേക ഉത്തരവാദിത്വം വഹിച്ചുവരികയുമായിരുന്ന കർദിനാൾ ഫാബിയോ ബാജിയോയെ, ഡിക്കസ്റ്ററിയുടെ പ്രോ–പ്രീഫെക്റ്റായി നിയമിച്ചു. അതോടൊപ്പം, മോൺസിഞ്ഞോർ ജോസഫ് ബർലാസിനെ ഡിക്കസ്റ്ററിയുടെ കാര്യദർശിയായും നിയമിച്ചു. ഈ മൂന്ന് നിയമനങ്ങളും 2026 സെപ്റ്റംബർ 1 മുതൽ പ്രാബല്യത്തിൽ വരും. നിയമനിർമ്മാണ പാഠങ്ങൾക്കായുള്ള ഡിക്കസ്റ്ററിയുടെ പുതിയ കാര്യദർശിയായി മോൺസിഞ്ഞോർ മാർക്കോ മെല്ലിനോയെ പരിശുദ്ധ പിതാവ് നിയമിച്ചു. പാപ്പായുടെ ജീവകാരുണ്യ സേവനത്തിനായുള്ള ഡിക്കസ്റ്ററിയിൽ, മോൺസിഞ്ഞോർ ലൂച്ചോ അഡ്രിയാൻ റൂയിസിനെ കാര്യദർശിയായും, ഡോ. മാസിമോ റാല്ലിയെ ഉപകാര്യദർശിയായും നിയമിച്ചു. ❍

കരണങ്ങൾ വർധിച്ചുവരുന്ന ഇന്നത്തെ ലോകത്തിൽ, പരസ്പരം ശ്രവിക്കുകയും സംവദിക്കുകയും ചെയ്യുന്ന സഭ തന്നെ സുവിശേഷത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായി മാറുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിൽ കർത്താവിന്റെ ഹിതം അന്വേഷിച്ചുകൊണ്ട് മുന്നേറുമ്പോൾ സഭയുടെ കൂട്ടായ്മയും ദൗത്യവും കൂടുതൽ ഫലപ്രദമാകുമെന്നും അദ്ദേഹം വ്യക്തമാക്കി. പരസ്പരം ശ്രവിക്കുന്നതിലൂടെ കർത്താവിനെ ശ്രവിക്കാൻ പഠിക്കുന്നതാണ് യഥാർഥ സിനഡൽ മനോഭാവമെന്ന് ഓർമ്മിപ്പിച്ച പാപ്പാ, വൈവിധ്യങ്ങൾക്കിടയിലും സഭയുടെ ഐക്യം സംരക്ഷിക്കാനും വിനയത്തോടും പ്രത്യാശയോടും കൂടി സമാധാനത്തിന്റെ സുവിശേഷത്തെ സേവിക്കാനും പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥം അഭ്യർത്ഥിച്ചുകൊണ്ടാണ് സന്ദേശം സമാപിച്ചത്. ❍




# സ്വർഗ്ഗീയ മാതൃരാജ്യത്തിലേക്കുള്ള തീർഥയാത്രയുടെ അപ്പമാണ് വിശുദ്ധ കുർബാന: പാപ്പ

**SPECIAL REPORT**



**ഡോ. എഡ്വേർഡ് എടേഴത്ത്**
**യു. എസ്. എ.**

**വത്തിക്കാൻ സിറ്റി:** വിശുദ്ധ കുർബാന സ്വർഗ്ഗീയ മാതൃരാജ്യത്തിലേക്കുള്ള തീർഥയാത്രയിൽ വിശ്വാസികളെ പോഷിപ്പിക്കുകയും നയിക്കുകയും ചെയ്യുന്ന ജീവന്റെ അപ്പാണെന്ന് പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ പറഞ്ഞു. ജൂൺ 24-ന് വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ നടന്ന പൊതുകൂടിക്കാഴ്ചയിൽ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സാക്രോസാങ്ക്തും കൊൺചീലിയും (Sacrosanctum Concilium) എന്ന ആരാധനാക്രമ പ്രമാണരേഖയെ ആസ്പദമാക്കി നടത്തിയ കാറ്റെക്കേസിസിലായിരുന്നു പാപ്പായുടെ സന്ദേശം. ആരാധനാക്രമത്തെക്കുറിച്ചുള്ള രണ്ടാം

വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളെ ആസ്പദമാക്കിയ പ്രബോധനപരമ്പര തുടരവെ, വിശുദ്ധ കുർബാനയിലെ വചനശുശ്രൂഷയും കൂദാശാശുശ്രൂഷയും പരസ്പരം വേർപിരിയാനാവാത്ത ഏക ആരാധനാകർമ്മത്തിന്റെ രണ്ട് അവിഭാജ്യഘടകങ്ങളാണെന്ന് പരിശുദ്ധ പിതാവ് വിശദീകരിച്ചു.

## യഥാർത്ഥ അപ്പം

വിശുദ്ധ അഗസ്റ്റിന്റെ പഠനങ്ങൾ ഉദ്ധരിച്ചുകൊണ്ട്, വിശുദ്ധ കുർബാന സ്വീകരിക്കുന്ന ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ജീവനുള്ള അംഗമായി രൂപാന്തരപ്പെടാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പാപ്പാ പറഞ്ഞു. വിശുദ്ധ കുർബാന സ്വീകരിക്കുന്നത് ഒരു വ്യക്തിപരമായ ഭക്തിപ്രവൃത്തിയിൽ ഒതുങ്ങുന്നതല്ല; മറിച്ച് ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ജീവനും ദൗത്യവും പങ്കിടുന്നതാണ് അതിന്റെ യഥാർഥ അർത്ഥമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.
യേശുവിന്റെ അന്ത്യഅത്താഴത്തിന്റെ സ്മരണ മാത്രമല്ല വിശുദ്ധ കുർബാനയെന്നും, ദൈവവചനത്താൽ രൂപപ്പെടുകയും കർത്താവിന്റെ മേശയിൽ നിന്ന് ആത്മീയ പോഷണം സ്വീകരിക്കുകയും നന്ദിയർപ്പണത്തിന്റെ ജീവിതത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന ദൈവജനത്തിന്റെ അനുഭവമാണിതെന്നും പാപ്പാ പറഞ്ഞു. ദൈവവചനത്തിലും വിശുദ്ധ കുർബാനയിലും ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ, വിശ്വാസികൾ ക്രിസ്തുവിനോട് കൂടുതൽ ആഴത്തിൽ ഐക്യപ്പെടുകയും അവിടുത്തെ ശരീരമായ സഭയിൽ കൂടുതൽ പൂർണമായി ഉൾച്ചേരുകയും ചെയ്യുന്നു.

## പ്രത്യാശയുടെ യാത്ര

വിശുദ്ധ കുർബാനയെ, "വരാനിരിക്കുന്ന ദൈവരാജ്യത്തിന്റെ കൂദാശ" എന്നും "സ്വർഗ്ഗീയ മാതൃരാജ്യത്തിലേക്കുള്ള തീർഥയാത്രയുടെ അപ്പം" എന്നും പാപ്പാ വിശേഷിപ്പിച്ചു. ദൈവം എല്ലാറ്റിലും എല്ലാമാകുന്ന നാളിലേക്കുള്ള പ്രത്യാശയുടെ യാത്രയിൽ വിശ്വാസികളെ ശക്തിപ്പെടുത്തുന്ന ആത്മീയ ആഹാരമാണ് വിശുദ്ധ കുർബാനയെന്ന് അദ്ദേഹം പറഞ്ഞു.
വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്ന വിശ്വാസികൾ പുരോഹിതനോടൊപ്പം ക്രിസ്തുവിന്റെ യാഗത്തിൽ പങ്കുചേരുകയും തങ്ങളെത്തന്നെ ദൈവത്തിന് സമർപ്പിക്കാൻ പഠിക്കുകയും ചെയ്യുന്നുവെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. ക്രിസ്തു തന്നെത്തന്നെ ലോകത്തിനായി പൂർണമായി ദാനം ചെയ്തതുപോലെ, സ്നേഹത്തിലും സേവനത്തിലും ആത്മസമർപ്പണത്തിലും ജീവിക്കാൻ വിശുദ്ധ കുർബാന വിശ്വാസികളെ രൂപപ്പെടുത്തുന്നു. കുടുംബങ്ങളെയും സമൂഹത്തെയും ലോകത്തെയും മുറിവേൽപ്പിക്കുന്ന വിഭജനങ്ങൾക്ക് എതിരായ ഏറ്റവും ശക്തമായ ആത്മീയ ഔഷധമാണ് വിശുദ്ധ കുർബാനയെന്നും അദ്ദേഹം പറഞ്ഞു.

## അവിഭാജ്യ ഭാഗം

വിശുദ്ധ കുർബാനയുടെ രണ്ട് പ്രധാന ഘടകങ്ങളായ ദൈവവചനവും കൂദാശയും ഒരേ ആരാധനാകർമ്മത്തിന്റെ അവിഭാജ്യഭാഗങ്ങളാണെന്ന് പാപ്പാ വീണ്ടും ഓർമ്മിപ്പിച്ചു. ദൈവവചനം കേൾക്കുന്നത് ബൈബിളിനെക്കുറിച്ചുള്ള അറിവ് സമ്പാദിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; മറിച്ച് ഓരോ വിശ്വാസിയുടെയും ജീവിതത്തോട് വ്യക്തിപരമായി സംസാരിക്കുന്ന ജീവനുള്ള ദൈവവചനം സ്വീകരിക്കുകയാണതിന്റെ ലക്ഷ്യമെന്ന് അദ്ദേഹം വിശദീകരിച്ചു. ഈ വചനം വിശുദ്ധ കുർബാനയോടൊപ്പം വിശ്വാസികളുടെ ആത്മീയജീവിതത്തെ പോഷിപ്പിക്കുകയും




ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ, ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ പഠിപ്പിക്കൽ ഉദ്ധരിച്ചുകൊണ്ട്, വിശുദ്ധ കുർബാന തിരുവെഴുത്തുകളുടെ ആഴത്തിലുള്ള അർത്ഥം മനസ്സിലാക്കാൻ സഹായിക്കുന്നതുപോലെ, തിരുവെഴുത്തുകളും വിശുദ്ധ കുർബാനയുടെ രഹസ്യത്തെ കൂടുതൽ ആഴത്തിൽ വെളിപ്പെടുത്തുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

## വചന സമൃദ്ധി

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനപ്രകാരം, വിശ്വാസികൾക്ക് ദൈവവചനത്തിന്റെ സമൃദ്ധി കൂടുതൽ ലഭ്യമാക്കുന്നതിനായി ആരാധനക്രമത്തിൽ വിശുദ്ധ ഗ്രന്ഥവായനകൾ വിപുലീകരിക്കപ്പെട്ടതായും, ലിറ്റർജി സഭയുടെ ജീവനുള്ള പാരമ്പര്യത്തിന്റെ അമൂല്യസമ്പത്താണെന്നും പാപ്പാ അനുസ്മരിച്ചു. പാരമ്പര്യത്തോടുള്ള വിശ്വസ്തതയും ആവശ്യമായ നവീകരണത്തിനുള്ള തുറന്ന മനസ്സും ഒരുമിപ്പിക്കുന്നതിന്റെ മനോഹരമായ ഉദാഹരണമാണ് ആരാധനക്രമ പരിഷ്കാരമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമാപനത്തിൽ, വിശുദ്ധ കുർബാനയെ "സ്നേഹത്തിന്റെ കൂദാശയും, ഐക്യത്തിന്റെ അടയാളവും, രക്ഷയുടെ വിരുന്നും" എന്ന് വിശേഷിപ്പിച്ചുകൊണ്ട്, വിശ്വാസത്തോടെ ഈ ദൈവിക ഉറവിടത്തിൽ നിന്ന് ജീവജലം പാനം ചെയ്യാനും, ആഘോഷിക്കുന്ന വിശുദ്ധ രഹസ്യങ്ങൾ സ്വന്തം ജീവിതത്തെ രൂപാന്തരപ്പെടുത്താൻ അനുവദിക്കാനും പരിശുദ്ധ പിതാവ് വിശ്വാസികളെ ആഹ്വാനം ചെയ്തു. ❍



# സ്വയംദാനത്തിലൂടെ സ്നേഹം ഫലം പുറപ്പെടുവിക്കുന്നു: പാപ്പ

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



ഈശോയെ അനുഗമിക്കുന്നതിന്റെയും ഈശോയുടെ രാജ്യത്തിന് സാക്ഷികളാകുന്നതിന്റേയും ആവശ്യകതയെ കുറിച്ചുള്ള ഉ ബോധനത്തിൽ അവ വെറും ബാഹ്യമായ അനുഷ്ഠാനമോ പ്രവൃത്തിയോ മാത്രമല്ല എന്നും ഈശോയുമായുള്ള സ്നേഹ ബന്ധത്തിൽ നമ്മെ തന്നെ പൂർണ്ണമായ സമർപ്പണമാണ് ഏറ്റവും അടിസ്ഥാനപരമെന്ന് ലിയോ പാപ്പ വി.മത്തായിയുടെ സുവിശേഷം പത്താം അദ്ധ്യായം മുപ്പത്തി ഏഴ മുതൽ നാൽപ്പത്തി രണ്ടു വരെയുള്ള വി.ഗ്രന്ഥഭാഗം വിശദീകരിച്ച കൊണ്ട് 2026 ജൂൺ 28 ന് നൽകിയ സന്ദേശത്തിൽ പഠിപ്പിച്ചു.

പാപ്പാ പറയുന്നത് സ്നേഹത്തിന് ഫലം പുറപ്പെടുവിക്കാൻ താഴെ പറയുന്ന മൂന്നു കാര്യങ്ങൾ ആവശ്യമാണെന്നാണ്:


(1) ചില കാര്യങ്ങളിൽ നിന്നുമുള്ള അകലം പാലിക്കൽ;

(2) ചില കാര്യങ്ങൾ നഷ്ടപ്പെടുത്തൽ;

(3) ചില കാര്യങ്ങളുടെ സ്വീകരണം .

## ആത്മീയ ആഹ്വാനം

ഈശോ പറയുന്നു: 'തന്റെ പിതാവിനെയോ മാതാവിനെയോ എന്നെക്കാൾ അധികം സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല. തന്റെ മകനെയോ മകളെയോ എന്നെക്കാൾ അധികം സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല' (മത്താ:10:37) എന്ന്. ഈശോ തന്റെ അപ്പസ്തോലന്മാരെ പ്രേഷിത ദൗത്യത്തിനായി അയയ്ക്കുമ്പോൾ അവരുടെ ഹൃദയം യാതൊരു ബന്ധനത്താലും ബന്ധിക്കപ്പെടാതെ ദൈവഹിതത്തോട് പൂർണ്ണമായി ചേർന്ന് ഇരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. കാരണം മനുഷ്യ ജീവിതത്തിലെ ഏറ്റവും ആഴമുള്ള സ്നേഹബന്ധങ്ങൾ പോലും അവയുടെ യഥാർത്ഥ സൗന്ദര്യവും പൂർണ്ണതയും കണ്ടെത്തുന്നത് ഈശോമിശിഹാ നമ്മുടെ ഹൃദയങ്ങളിൽ പകരുന്ന ദൈ




വസ്നേഹത്തിലൂടെയാണ്. ദാമ്പത്യ ജീവിതം ഇതിന്റെ മനോഹരമായ ഉദാഹരണമാണ് എന്നാണ് പാപ്പ പഠിപ്പിക്കുന്നത്. മാതാപിതാക്കളുടെ ഭവനം വിട്ടു പോകുക (മത്താ: 19:6) എന്നത് അവരെ ഉപേക്ഷിക്കുകയല്ല മറിച്ച് പുതിയൊരു വിശുദ്ധ സ്നേഹ ബന്ധത്തിലേക്ക് പൂർണ്ണ ഹൃദയത്തോടെ പ്രവേശിക്കാനുള്ള ആത്മീയ ആഹ്വാനമാണ്. അതു പോലെ തന്നെ മക്കളോടുള്ള സ്നേഹം അവരെ എന്നും നമ്മോടു ചേർത്തു നിർത്തുന്നതിലല്ല. മറിച്ച് സ്വന്തം കാലിൽ ഉറച്ചു നിൽക്കാനും ദൈവം ഒരുക്കിയ വഴിയിലൂടെ ധൈര്യത്തോടെ മുന്നേറാനും അവരെ പ്രാപ്തരാക്കുന്നതിലൂടെ ആണ് അതിന്റെ പക്വത വെളിപ്പെടുന്നത്. അങ്ങനെ ചെയ്യുമ്പോഴാണ് അവർ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യവും ദൈവം ഒരുക്കിയ സന്തോഷവും കണ്ടെത്തുന്നത്. വി.അഗസ്റ്റിൻ പറയുന്ന വിശുദ്ധവും മനോഹരവുമായ ചിന്തകൾ ലിയോ പാപ്പ ഉദ്ധരിച്ചു പറയുന്നു: 'സ്നേഹിക്കുന്ന ഒന്നിൽ നിന്നുള്ള വേർപിരിയൽ വേദനാജനകമാണ്. എന്നാൽ കൃഷിക്കാരൻ താൻ വിതയ്ക്കുന്ന വിത്തിനെ താൽക്കാലികമായി നഷ്ടപ്പെടുത്തുന്നു. വിത്ത് മണ്ണിൽ നഷ്ടപ്പെടുമ്പോൾ അത് പുതിയ ജീവൻ സ്വീകരിച്ച് തളിർക്കുകയും സമൃദ്ധമായ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നതു' പോലെ ദൈവസ്നേഹത്തിൽ നാം ചെയ്യുന്ന ഓരോ ത്യാഗവും ഓരോ വിട്ടുകൊടുക്കലും ഒരിക്കലും നഷ്ടമാകുന്നില്ല. അവ ദൈവത്തിന്റെ കൃപയാൽ പുതിയ ജീവനായി, സമൃദ്ധമായ ഫലമായി, നിത്യാനന്ദത്തിലേക്കുള്ള അനുഗ്രഹമായി വിരിയുന്നു.

**നവജീവനായി**

ലിയോ പാപ്പ പറയുന്നത് എന്തെങ്കിലും കൈവശം വക്കാനും സ്വന്തമാക്കാനും ആഗ്രഹിക്കുകയും നഷ്ടപ്പെടുന്നത് ഒരു ബലഹീനതയായും കരുതുന്ന ഈ ലോകത്ത് ഇത് മനസ്സിലാക്കാൻ നമുക്ക് പ്രയാസമായിരിക്കും എന്നാണ്. പാപ്പാ തുടർന്ന് പറയുന്നത് സ്നേഹം ഫലം പുറപ്പെടുവിക്കുന്നത് സ്വയം ദാനം ചെയ്യുന്നതിലൂടെയാണ് എന്നാണ്. മറ്റൊരാൾക്ക് ഇടം നൽകാൻ നമ്മുടെ 'അഹന്തയെ' അൽപമെങ്കിലും വിട്ടുകൊടുക്കാൻ നാം തയ്യാറാകുമ്പോൾ; ഒരു സുഹൃത്തിനെ കേൾക്കാൻ സമയം കണ്ടെത്തുമ്പോൾ; പ്രയാസം അനുഭവിക്കുന്നവരുമായി പങ്കുവക്കാൻ നമ്മുടെ സുഖ സൗകര്യങ്ങൾ ഉപേക്ഷിക്കുമ്പോൾ സ്നേഹത്തിന്റെ ഫലദായകത പ്രകടമാകുന്നു. 'സ്വന്തം ജീവൻ കണ്ടെത്തു



വരാപ്പുഴ അതിരൂപത വികാരിജനറൽമാരായ ഫാ. മാത്യു കല്ലിങ്കലിനും ഫാ. മാത്യു ഇലഞ്ഞിമിറ്റത്തിനും പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ചാപ്ലിൻ ടു ഹിസ്ഹോളിനെസ് ബഹുമതി നൽകി ആദരിച്ചു. വരാപ്പുഴ അതിരൂപതയുടെ വൈദിക സമ്മേളനത്തിൽ വച്ച് ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപറമ്പിൽ പിതാവ് നിയുക്ത വൈദികർക്ക് സ്ഥാന ചിഹ്നങ്ങൾ നൽകി. സഹായ മെത്രാൻ ഡോ. ആൻറണി വാലുങ്കൽ ആശംസകൾ അറിയിച്ചു. സെൻറ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ ഇടവകാംഗമാണ് മോൺ. മാത്യു കല്ലിങ്കൽ. മരട് മേരി മാഗ്ദലിൻ ഇടവകാംഗമാണ് മോൺ. മാത്യു ഇലഞ്ഞിമിറ്റം.

ന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും' (മത്തായി 10:39) എന്നാണ് വചനം നമ്മോട് പറയുന്നത്. അത് ഒരു പക്ഷെ ലൗകികമായ സന്തോഷത്തിലേക്ക് തുറക്കപ്പെടുന്നില്ല. അതിനാലാണ് കുരിശ് വഹിക്കാൻ ഈശോ നമ്മെ ക്ഷണിക്കുന്നത്. കുരിശിലൂടെ ഈശോ തന്നെ തന്നെ സമർപ്പിച്ചു. അത് നമ്മെ നിത്യജീവന്റെ സമൃദ്ധിയിലേക്ക് നയിച്ചു. പാപ്പാ പറയുന്നതുപോലെ നമ്മളും സമർപ്പണത്തിന്റെ ശൈലിയിൽ ജീവിച്ചാൽ നമ്മുടെ ബന്ധങ്ങളിൽ നവജീവൻ നൽകാൻ നമുക്കും സാധിക്കും.

**സ്വീകരണ മനസ്സ്**

ലിയോ പാപ്പായുടെ വീക്ഷണം അനുസരിച്ച് സ്നേഹം എന്നത് പ്രായോഗിക പ്രവൃത്തികളിലും തീരുമാനങ്ങളിലുമാണ് പ്രകടമാകുന്നത്. ദാഹിക്കുന്നവന് ഒരു ഗ്ലാസ് വെള്ളം നൽകുന്നതു പോലുള്ള ചെറിയ ദൈനംദിന പ്രവൃത്തികളിലൂടെയാണത് നടപ്പിലാകുക (മത്തായി 10:42). ശിഷ്യന്മാരെ അയക്കുമ്പോൾ യാതൊരു മുൻകരുതലുകളും വേണ്ട എന്ന് പറയുന്ന ഈശോ അവർ മറ്റുള്ളവരുടെ സഹായം സ്വീകരിക്കേണ്ടത് ആവശ്യമാണ് എന്ന് ഓർമിപ്പിക്കുകയാണ്. ഈ സ്വീകരണരീതിയേ ഈശോയുടെ ശിഷ്യർക്ക് അവർ പോകുന്നിടത്തു കണ്ടുമുട്ടുന്നവരിൽ ഒരു സ്വീകരണ മനസ്സ് ഉണർത്താൻ കഴിയൂ. മനശാസ്ത്രപരമായ ഒരു സമീപനമാണിവിടെ ഈശോ മുന്നോട്ട് വക്കുന്നത്. ഇവിടെയുള്ള മറ്റൊരു സത്യം ഈശോയുടെ നാമത്തിൽ വരുന്നവനെ സ്വീകരിക്കുന്നതിലൂടെ ഈശോയേയും അവനെ അയച്ച പിതാവിനേയുമാണ് ഓരോ വ്യക്തിയും സ്വീകരിക്കുന്നത്. അതായത് കർത്താവിനോടുള്ള സ്നേഹം എപ്പോഴും മറ്റുള്ള സഹോദരങ്ങളെ സ്വീകരിക്കുന്നതിലൂടെ പ്രാവർത്തികമാകുന്നു എന്ന് പാപ്പ ഉൽബോധിപ്പിക്കുന്നു. സ്നേഹമെന്നത് ചില കാര്യങ്ങളിൽ നിന്നുമുള്ള അകലം പാലിക്കലും; ചില കാര്യങ്ങളുടെ നഷ്ടപ്പെടുത്തലും; ചില കാര്യങ്ങളുടെ സ്വീകരണവുമാണ് എന്ന് പറയുമ്പോൾ ഈ മൂന്നു വിധത്തിലും സ്വജീവിതത്തിലൂടെ മാതൃക നൽകിയവളാണ് പരി.അമ്മ. തന്റെ പ്രിയ പുത്രനെ നഷ്ടപ്പെടുമെന്ന് അറിഞ്ഞിട്ടും ദൈവഹിതത്തിൽ പൂർണമായി വിശ്വസിച്ച് അവനെ സ്നേഹിച്ച പരി.കന്യകാ മറിയത്തിന്റെ മാദ്ധ്യസ്ഥം നമുക്ക് തേടാം. ഈശോയുടെ സ്നേഹത്തിന് വിനീതരും സന്തോഷപൂർണ്ണരും ആയ സാക്ഷികളായി ജീവിക്കാൻ പരിശുദ്ധ മറിയം നമ്മെ സഹായിക്കുകയും മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ. ❍



# തൊഴിൽ

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പ്രബോധനപരമ്പര.*

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



**ക്രിസ്തു ജീവിക്കുന്നു – ഭാഗം 34**

268. യുണൈറ്റഡ് സ്റ്റേറ്റ്സിലെ മെത്രാന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്: പ്രായപൂർത്തിയിലേക്കെത്തുമ്പോൾ യുവജനത്തെ തൊഴിലിന്റെ ലോകത്തിലേക്ക് വരുന്നത് ഒരു സൂചനയാണ്; 'ജീവിക്കാൻ വേണ്ടി നിങ്ങൾ എന്തുചെയ്യുന്നു?' എന്നത് പൊതുവായ സംഭാഷണ വിഷയമാണ്. കാരണം തൊഴിൽ ജീവിതത്തിലെ പ്രധാന ഭാഗമാണ്. യുവജനതയ്ക്ക് ഈ അനുഭവം ഒഴുക്കുപോലെയാണ്. അവർ ജോലിയിൽനിന്നും ജോലിയിലേക്ക്, ഒരു കരിയറിൽനിന്നും മറ്റൊന്നിലേക്ക് മാറിക്കൊണ്ടേയിരിക്കുന്നു. തൊഴിൽ അവരുടെ

സമയത്തെ നിർണ്ണയിക്കുന്നു. അവർക്ക് എന്തും വാങ്ങാനും താങ്ങാനുമാകും. അതവരുടെ വിനോദവേളയുടെ ദൈർഘ്യവും മേന്മയും നിശ്ചയിക്കുന്നു. തൊഴിൽ ഒരു യുവവ്യക്തിയുടെ സ്വത്വത്തേയും സ്വയം ധാരണയേയും നിർണ്ണയിക്കുന്നു. അവിടെയാണ് സൗഹൃദങ്ങളും ഇതര ബന്ധങ്ങളും വികസിക്കുന്നത്, എന്തെന്നാൽ ഇവയൊന്നും തനിച്ച് രൂപമെടുക്കുന്നവയല്ല. യുവജനത തൊഴിലിനെ സഫലതയായും അർത്ഥപൂർണതയായും കരുതുന്നു. അവരുടെ പ്രായോഗിക ആവശ്യങ്ങൾ നേടാൻ അത് ഉപകരിക്കുമെന്നു മാത്രമല്ല അതിലുപരി സ്വപ്നങ്ങൾക്കും വീക്ഷണങ്ങൾക്കും സഫലത കൈവരുത്തുകയും ചെയ്യുന്നു. തൊഴിൽ അവരുടെ സ്വപ്നങ്ങൾ കൈവരിക്കാൻ അവരെ സഹായിക്കുന്നില്ലെങ്കിൽ പോലും ഒരു കാഴ്ചപ്പാടിനെ ഉള്ളിൽ സൂക്ഷിക്കാനും പൂർണമായും വ്യക്തിപരമായും ജീവദായകവുമായും ദൈവത്തിന്റെ വിളി വേർതിരിച്ചറിയുന്നത് തുടരാനും ഇതവരെ പര്യാപ്തമാക്കുന്നു. 269. യുവജനങ്ങളോടു ഞാൻ അഭ്യർഥിക്കുന്നു, തൊഴിലെടുക്കാതെ മറ്റുള്ളവരുടെ സഹായത്തെ ആശ്രയിച്ച് ജീവിക്കാമെന്ന് പ്രതീക്ഷിക്കരുത്. ഇത് നല്ലതല്ല, കാരണം തൊഴിൽ അത്യാവശ്യമാണ്. ഈ ഭൂമിയിലെ ജീവിതത്തിന്റെ അർത്ഥത്തിന്റെ ഭാഗമാണത്. വളർച്ചയുടെ, മാനവ വികാസത്തിന്റെ, വ്യക്തിപര സഫലതയുടെ പാതയാണത്. ഈ അർഥത്തിൽ പാവങ്ങളെ സഹായിക്കുന്നത് അത്യാവശ്യ ഘട്ടത്തിലെ ഒരു താൽക്കാലിക പ്രതിവിധി മാത്രമാകണം. അതിനാൽ അത്ഭുതാദരവ് നിറഞ്ഞ ധ്യാനത്തോടെ സൃഷ്ടിയെ നോക്കിക്കണ്ട് വിശുദ്ധ ഫ്രാൻസിസ് അസ്സീസിക്കൊപ്പം, ക്രിസ്തീയ ആത്മീയ പാരമ്പര്യം തൊഴിലിന്റെ അർത്ഥത്തെക്കുറിച്ച് ധന്യവും സമതുലിതവുമായ ധാരണ വളർത്തിയെടുത്തിട്ടുണ്ട്. ധന്യനായ ചാർളസ് ദി ഫൗകാൾഡിന്റെയും അദ്ദേഹത്തിന്റെ ശിഷ്യന്മാരുടേയും ജീവിതം ഉദാഹരണമാണ്. 270. സിനഡ് ശ്രദ്ധിച്ചത് തൊഴിൽ രംഗത്ത് യുവജനത എങ്ങനെ പുറന്തള്ളപ്പെടുകയും പ്രാന്തവൽക്കരിക്കപ്പെടുകയും ചെയ്യുന്നുവെന്നാണ്. അതിൽ പ്രഥമവും ഏറ്റവും ഗുരുതരവുമായത് തൊഴിലില്ലായ്മയാണ്. ചില രാജ്യങ്ങളിൽ അത് ക്രമാതീതമായ നിലയിൽ ഉയർന്നിട്ടുണ്ട്. പാവപ്പെട്ടവരാക്കുന്നതിനു പുറമേ തൊഴിലില്ലായ്മ അവരുടെ സ്വപ്നം കാണാനും പ്രത്യാശ വയ്ക്കാനുമുള്ള കഴിവിനേയും കെടുത്തുന്നു. നിരവധി രാജ്യങ്ങളിൽ വിദ്യാഭ്യാസ പരിശീലന സംവിധാനങ്ങളുടെ കുറവുമൂലം പ്രൊഫഷണൽ കഴിവുകൾ ഇല്ലാതെ പോവുകയും ഇത് യുവജനങ്ങളുടെ തൊഴിലില്ലായ്മയ്ക്ക് കാരണമാവുകയും ചെയ്യുന്നു. മിക്കപ്പോഴും തൊഴിൽ സുരക്ഷയില്ലായ്മ തൊഴിലാളിയെ ചൂഷണം ചെയ്യാനുള്ള സാമ്പത്തിക താൽപര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. 271. വളരെ സങ്കീർണവും ക്ഷോഭജനകവുമായ ഈ വിഷയത്തിന് രാഷ്ട്രീയമുൻഗണന നൽകണം. പ്രത്യേകിച്ചും സാങ്കേതിക വികാസത്തിന്റെ ത്വരിത വളർച്ച കാരണം നിരവധി തൊഴിലവസരങ്ങൾ യന്ത്രങ്ങൾക്ക് വഴിമാറുന്ന പശ്ചാത്തലത്തിൽ. സങ്കീർണമായ സാമൂഹിക വിഷയമാണിത്. കാരണം യുവജനതയ്ക്കുള്ള തൊഴിൽ ധനാഗമമാർഗം മാത്രമല്ല, അത് മാനുഷിക അന്തസിന്റെ പ്രകാശനവും വികസനത്തിന്റേയും സാമൂഹിക ഉൾച്ചേർക്കലിന്റേയും പാതയുമാണ്. ഉത്തരവാദിത്തത്തിലും ക്രിയാത്മകതയിലും പുരോഗമിക്കാനുള്ള നിരന്തരമായ ഉത്തേജനമാണ്. വ്യക്തിവാദം, സ്വയം സംതൃപ്തി എന്ന പ്രലോഭനത്തിനെതിരെയുള്ള കവചമാണ്. അതേസമയം അത് സ്വന്തം കഴിവുകളെ പോഷിപ്പിച്ച് ദൈവത്തിന് മഹത്ത്വം നൽകാനുള്ള അവസരവുമാണ്. 272. യുവജനങ്ങൾക്ക് എപ്പോഴും എന്തുതരം തൊഴിൽ ചെയ്യണമെന്ന് നിശ്ചയിക്കാനുള്ള അവസരമുണ്ടാകാറില്ല. അഥവാ സ്വന്തം കഴിവും ഊർജവും എങ്ങനെ ചെലവഴിക്കണമെന്ന്. കാരണം സ്വന്തം അഭിലാഷങ്ങൾ



ക്കും കഴിവുകൾക്കും തെരഞ്ഞെടുപ്പുകൾക്കുമെതിരെ തൊഴിൽ കമ്പോളത്തിലെ ക്രൂര യാഥാർത്ഥ്യവും നിലനിൽക്കുന്നു. നിങ്ങൾക്ക് തൊഴിലെടുക്കാതെ ജീവിക്കാൻ കഴിയില്ലെന്നത് സത്യമാണ്. ചിലപ്പോൾ കിട്ടുന്ന തൊഴിലെന്താണോ അത് സ്വീകരിക്കേണ്ടിയും വരുന്നു. പക്ഷേ ഒരിക്കലും നിങ്ങളുടെ സ്വപ്നങ്ങൾ കെടുത്തരുത്. നിങ്ങളുടെ വിളിയെ കുഴിച്ചുമൂടരുത്. തോൽവി സമ്മതിക്കുകയുമരുത്. നിങ്ങളുടെ യഥാർഥ വിളിയെന്ന് നിങ്ങൾ തിരിച്ചറിഞ്ഞതിനെ ഭാഗികമായോ അപൂർണമായോ എങ്കിലും അന്വേഷിച്ചുകൊണ്ടിരിക്കു. 273. ദൈവം നമ്മെ എന്തിനാണ് വിളിക്കുന്നതെന്ന് നാം കണ്ടെത്തിക്കഴിഞ്ഞാൽ, ഇന്നതിനാണ് നാം ഉണ്ടാക്കപ്പെട്ടിരിക്കുന്നതെന്ന് കണ്ടാൽ നേഴ്സിംഗ്, ആശാരിപ്പണി, വാർത്താവിനിമയം, എൻജിനീയറിങ്, അധ്യാപനം, കല അല്ലെങ്കിൽ എന്തെങ്കിലും തരം തൊഴിൽ ഏതിലും നമുക്ക് പൂർണശക്തിയോടെ, അർപ്പണത്തോടെ, മഹാമനസ്കതയോടെ ബലിയർപ്പിക്കാം. ചെയ്യണമെന്നതു കൊണ്ടുമാത്രം ചെയ്യുകയല്ല എന്ന അറിവോടെ മറ്റുള്ളവർക്കുവേണ്ടി എന്തോ അർപ്പിക്കുവാനുണ്ടെന്ന ആന്തരികമായ ഒരു വിളിക്കനുസൃതമായി അർത്ഥവത്തായി ചെയ്യുന്നു. ഈ ജോലികളിൽ ആഴമേറിയ സംതൃപ്തി കൈവരുന്നത് അപ്പോഴാണ്. പഴയ നിയമഗ്രന്ഥമായ "സഭാപ്രസംഗകൻ പറഞ്ഞതുപോലെ: "മനുഷ്യൻ തന്റെ പ്രവൃത്തി ആസ്വദിക്കുന്നതിനേക്കാൾ മെച്ചമായി ഒന്നുമില്ലെന്ന് ഞാൻ കണ്ടു" (3:22). **പ്രത്യേക അഭിഷേകത്തിനുള്ള ദൈവവിളി** 274, വൈദികവൃത്തിയിലേക്കും ആധ്യാത്മിക ജീവിതത്തിലേക്കുമുള്ള ദൈവവിളി പരിശുദ്ധാത്മാവ് ഇപ്പോഴും പ്രചോദിപ്പിക്കുന്നുവെന്ന് ശരിക്കും ബോധ്യമുണ്ടെങ്കിൽ പൂർണമായ ആത്മവിശ്വാസത്തോടെ കർത്താവിന്റെ നാമത്തിൽ "നമുക്കു വീണ്ടും വലയറിയാം." ഓരോ യുവവ്യക്തിയോടും ഇതാണോ നിങ്ങൾ പിന്തുടരേണ്ട വഴിയെന്ന് ധൈര്യപൂർവം ചോദിക്കാം. 275. വല്ലപ്പോഴും ഞാനിക്കാര്യം യുവജനതയുടെ മുന്നിൽ കൊണ്ടു വരുമ്പോൾ അവർ തമാശയായി പ്രതികരിക്കാറുണ്ട്: "ഇല്ല ഇത് എനിക്കുള്ളതല്ല!" എങ്കിലും ഏതാനും വർഷങ്ങൾക്കുള്ളിൽ അവരിൽ ചിലർ സെമിനാരിയിലെത്തി. ❍



# ദൈവദാസി മദർ മേരി സെലിൻ ആത്മജ്ഞാനത്തിന്റെ ആൾരൂപം

**പ്രൊഫ. (ഡോ.) സി. നോയൽറോസ്** സി.എം.സി.



ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസിനീ സമൂഹമായ സിഎംസിയുടെ പ്രഥമ സുപ്പീരിയർ ജനറൽ മദർ മേരി സെലിന്റെ അർപ്പിത ജീവിതത്തിലെ പ്രേഷിത വൃത്തി ആരംഭിക്കുന്നത് അധ്യാപനത്തിലൂടെയാണ്. 17 വർഷം അധ്യാപികയായും 18 വർഷം പ്രധാന അധ്യാപികയായും ശുശ്രൂഷ നിർവഹിച്ച മേരി സെലിൻ അമ്മയ്ക്ക് അധ്യാപനത്തെക്കുറിച്ചും ബോധന പ്രക്രിയയെക്കുറിച്ചും കൃത്യമായ ദർശനം ഉണ്ടായിരുന്നു. അറിവിനൊപ്പം ആത്മീയ മൂല്യബോധനം നൽകി ശിഷ്യഗണത്തെ പൂർണ്ണതയിലേക്ക് അമ്മ നയിച്ചത് ഓരോ നിമിഷവും സ്വന്തം ജീവിതത്തെ പുതുക്കിപ്പണിതുകൊണ്ടും പൂർണ്ണതയിലേക്ക് സ്വയം വളർന്നുകൊണ്ടുമായിരുന്നു. നീണ്ട പതിനാറു വർഷങ്ങൾ അധ്യാപകരെ വാർത്തെടുക്കുന്ന (TTC) പാവന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി കേരളത്തിന്റെതന്നെ വിദ്യാഭ്യാസ പാരമ്പര്യത്തിൽ വ്യക്തമായ വ്യക്തിമുദ്ര പതിപ്പിക്കാൻ മദർ മേരി സെലിനു കഴിഞ്ഞു കൈവിട്ടു പോകുന്ന മാനവിക മൂല്യങ്ങളെ തിരിച്ചു പിടിക്കാൻ വെമ്പൽ കൊള്ളുന്ന ഹൃദയത്തിന്റെ ഉടമയായിരുന്നു മദർ മേരി സെലിൻ. നമ്മുടെ തന്നെ ജീവിതകാലത്ത് നാം ചവിട്ടി നടക്കുന്ന മണ്ണിൽ ചവിട്ടി നടന്നുകൊണ്ടും വിശുദ്ധരാകാൻ കഴിയും എന്ന് ഈ കാലത്തിനും ദേശത്തി




നും മദറിന്റെ ജീവിതം പ്രത്യാശ നൽകുന്നു. എറണാകുളം അങ്കമാലി അതിരൂപതയിൽ മാർത്തോമാ ശ്ലീഹായുടെ പവിത്ര പാദസ്പർശനമേറ്റ മലയാറ്റൂരിൽ നിന്നും അധികം അകലത്തല്ലാതെ നെടുമ്പാശ്ശേരി പഞ്ചായത്തിൽ മൂഴിക്കുളത്തിനടുത്ത് മള്ളുശ്ശേരി എന്ന ഗ്രാമത്തിൽ തട്ടാട് പയ്യപ്പിള്ളി കുടുംബത്തിൽ ഔസേപ്പ് കാരണവരുടെയും. പുത്തൻചിറ മാളിയേക്കൽ കുനൻ കൊച്ചുമറിയ യുടെയും ആറു മക്കളിൽ ഇളയ സന്താനമായിട്ടാണ് അന്നക്കുട്ടി എന്ന ഈ ഗൃഹസ്ഥാശ്രമ നാമധാരി 1906 ഡിസംബർ 02 ന് ജനിക്കുന്നത്. ഏഴാം നാൾ മൂഴിക്കുളം സെന്റ് മേരിസ് ദേവാലയത്തിൽ ജ്ഞാനസ്നാനം. ക്രിസ്തീയ കുടുംബങ്ങളിൽ അന്ന് നിലനിന്നിരുന്ന പ്രാർഥനാന്തരീക്ഷവും അച്ചടക്കവും അവളിലെ സുകൃതിനിയെ മെല്ലെ മെല്ലെ വാർത്തുകൊണ്ടിരുന്നു.

**പ്രാർത്ഥനയുടെ ആഴങ്ങളിലേക്ക്**

പ്രൈമറി വിദ്യാഭ്യാസം മള്ളുശ്ശേരി വട്ടപ്പറമ്പ് എൽ ജി വി (Lower Grade Vernacular) സ്കൂളിൽ 1911–ൽ ആരംഭിച്ചു. 1915–ൽ കറുകുറ്റി കർമ്മലീത്താ മഠം വക സെന്റ് ജോസഫ് സ്കൂളിൽ ചേർന്ന് അവിടുത്തെ ബോർഡിങ്ങിൽ താമസിച്ച് പഠനം തുടർന്നു. ഒമ്പതാം വയസ്സിൽ കർമ്മലീത്താ മഠം വക ബോർഡിങ് സ്കൂളിലെത്തിയ ആ ബാലിക ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർഥനാ നിരതരായിരിക്കുന്ന കർമ്മലീത്താ സന്യാസിനിമാരെ കണ്ടും കേട്ടും പരിശീലിച്ചും പ്രാർഥനയുടെ ആഴങ്ങളിലേക്ക് പ്രവേശിച്ചു.

തന്റെ ജീവിതം ഈശ്വരാന്വേഷണത്തിനും ആത്മസാക്ഷാൽക്കാര ത്തിനും ആയി പൂർണ്ണമായും സമർപ്പിക്കുവാൻ ഒരു സന്യാസിനിയാകണമെന്ന അവളുടെ ആഗ്രഹവും തീരുമാനവുമറിഞ്ഞ് പഠനം പോലും പാതിവഴിയിൽ ഉപേക്ഷിച്ച് മാതാപിതാക്കൾ അവളെ വീട്ടിലേക്ക് മടക്കിക്കൊണ്ടു പോയി. അഞ്ചു വർഷത്തെ കണ്ണീരോടെയുള്ള കാത്തിരിപ്പിനും പ്രാർഥനയ്ക്കുംശേഷം ദൈവത്തിന്റെ പ്രത്യേക ഇടപെടലിലൂടെ 1921–ൽ അന്നക്കുട്ടി വീണ്ടും കറുകുറ്റി മഠത്തിലെത്തി. പഠനശേഷം 1925–ൽ മഠത്തിൽ അർത്ഥിനിയായി ചേർന്ന് ഉപരിപഠനം തുടർന്നു. 1928–ൽ കർമ്മലീത്ത സന്യാസ വസ്ത്രം സ്വീകരിച്ച് ഉണ്ണീശോയുടെ സിസ്റ്റർ മേരി സെലിൻ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. അതേ വർഷം തന്നെ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ ഇന്റർ മീഡിയറ്റും തുടർന്ന് ബിരുദവും പൂർത്തിയാക്കി. 1933–ൽ സന്യാസ വ്രതം സ്വീകരിച്ച സിസ്റ്റർ, അഗാധമായ ധ്യാനാത്മക ജീവിതമാണ് പരിശീലിച്ചിരുന്നത്. 1933 മുതൽ 1968 വരെയുള്ള കാലഘട്ടത്തിലാണ് വിദ്യാഭ്യാസ രംഗത്ത് സി. മേരി സെലിൻ പ്രവർത്തിച്ചത്. 17 വർഷം

അധ്യാപിക യായി സെന്റ് ജോസഫ് ഹൈസ്കൂൾ, കറുകുറ്റി സെന്റ് മേരിസ് എൽ എസ് ഒല്ലൂർ, സെന്റ് മേരിസ് ഹൈസ്കൂൾ എറണാകുളം, സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ മൂവാറ്റുപുഴ എന്നിവിടങ്ങ ളിലും 18 വർഷം പ്രധാന അധ്യാപിക യായി സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ മൂവാറ്റുപുഴ, സെന്റ് ജോസഫ്സ് ഹൈസ്കൂൾ & ട്രെയിനിങ് സ്കൂൾ കറുകുറ്റി, സെന്റ് ജോസഫ് ടി ടി ഐ കറുകുറ്റി എന്നീ സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്തു.

## വേണം പ്രാർത്ഥനാ ചൈതന്യം

അധ്യാപികയായും പ്രധാനാധ്യാപിക യായും നീണ്ട 35 വർഷങ്ങൾ,11 വർഷം സുപ്പീരിയർ ജനറൽ – ഇങ്ങനെ ആയുസ്സിന്റെ സിംഹഭാഗവും നേതൃത്വശുശ്രൂഷയിൽ പ്രവർത്തന നിരതയായിരുന്ന മദർ ദിവ്യനാഥനോടുള്ള ആത്മൈക്യം എത്ര ദൃഢതരമോ അത്രയും ഫലദായകമായിരിക്കും ആധ്യാത്മിക ജീവിതത്തിൽ ഒരു സന്യാസിനിയുടെ ബാഹ്യപ്രവർത്തനങ്ങൾ എന്ന് വിശ്വസിച്ചു. സന്യാസിനീ സമൂഹത്തിന്റെ പരമാധികാരിയായിരിക്കെ, തന്റെ സിസ്റ്റേഴ്സിനെ ഓർമ്മപ്പെടുത്തിയത് മദർ സെലിൻ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി. "നമ്മുടെ സന്യാസ ജീവിതത്തിലും സന്യാസ പരിപൂർണ്ണതയിലും ജോലിക്ക് പ്രത്യേക സ്ഥാനമുണ്ട്. നിർദിഷ്ട ജോലി എന്തുമാകട്ടെ, അതിന്റെ മഹത്വമോ ഹീനത്വമോ നോക്കാതെ ദൈവഹിതം ദർശിച്ച് ചെയ്യുക. ജോലിയിൽ അടിപ്പെട്ട് പോകാതെ പ്രാർഥനാ ചൈതന്യ ത്തോടെ നിർവഹിക്കുക, സ്വാർത്ഥപര മായ ലക്ഷ്യങ്ങൾ ഒന്നും അതിൽ സ്ഥലം പിടിക്കാതിരിക്കട്ടെ. അങ്ങനെ നമ്മുടെ ഏതൊരു ജോലിയും പൂർണ്ണത പ്രാപിച്ച് ദൈവിക ജീവിതത്തിന് ഉപയുക്തമായ വിധത്തിൽ ആക്കിതീർക്കാൻ നമുക്ക് ശ്രമിക്കാം" കേരളത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ക്രിസ്തീയ രൂപീകര ണവും സമുദ്ധാരണവും ലക്ഷ്യമാക്കി 1866 ഫെബ്രുവരി 13–ന് കൂനമ്മാവിൽ
വിശുദ്ധ ചാവറയച്ചനും വന്ദ്യനായ ലെയോപ്പോൾദ് മിഷനറിയും ചേർന്ന് സ്ഥാപിച്ച ആദ്യത്തെ ഏതദ്ദേശീയ സന്യാസിനീ സമൂഹമായ കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ വിവിധ രൂപതകളിൽ സ്വതന്ത്ര ഘടകങ്ങൾ ആയാണ് നിലനിന്നു പോന്നിരുന്നത്. 1963 നവംബർ 16–ന് ഏകീകരിക്കപ്പെട്ട സന്യാസിനീ സമൂഹത്തിന്റെ പ്രഥമ സുപ്പീരിയർ ജനറലായി സിസ്റ്റർ മേരി സെലിൻ തിരഞ്ഞെടുക്കപ്പെട്ടു. മദറിന്റെ കഠിനമായ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ഫലമായിരുന്നു തായിക്കാട്ടുകരയിൽ നിർമ്മിച്ച പൊതുഭവനമായ ജനറലേറ്റ്. അങ്ങേയറ്റം പരിമിതമായ സാഹചര്യങ്ങളിലും 300 ഓളം പേർക്ക് താമസിച്ച് പ്രാർഥി ക്കാനും പഠിക്കാനും സൗകര്യമുള്ള ഈ പൊതുഭവനത്തിന്റെ നിർമ്മാണം മദറിന്റെ കർമ്മ കുശലതയ്ക്കും ദീർഘ വീക്ഷണത്തിനും ഉത്തമോദാഹരണമാണ്. ജനറിലേറ്റിനോടു ചേർന്ന് പ്രൈമറി ക്ലാസ്, ഡിസ്പെൻസറി, നിർധന യുവതികൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രം, സോഷ്യൽ വെൽഫയർ സെന്റർ തുടങ്ങിയവയും സെലീനാമ്മ സ്ഥാപിച്ചു. അത്യഗാധമായ ദൈവൈക്യ ത്തിന്റെ സുരക്ഷിത താവളങ്ങളിൽ സ്വസ്ഥമായി ഇരിക്കാനല്ല, നിരക്ഷരരും നിർധനരുമായവരെ പഠിപ്പിക്കാനും തൊഴിൽ പരിശീലിപ്പിക്കുവാനും ഉള്ള സാഹചര്യങ്ങൾ ഒരുക്കുവാനും അമ്മ ബദ്ധശ്രദ്ധയായി.

## ഒരിക്കലും അകലാതെ

സോഷ്യൽ മീഡിയ റീലുകളുടെ പ്രളയഘോഷത്തിൽ നട്ടംതിരിയുന്ന സമകാലത്തിന്റെ ശബ്ദാതുരതയ്ക്കുള്ള മറുമരുന്നു കൂടിയാണ് ആന്തരിക മൗനത്തിന്റെ സ്വച്ഛശാന്തതയിൽ വിശുദ്ധിയുടെ സൗരഭ്യം പരത്തിയ മദറിന്റെ സഫല ജീവിതം. തന്റെ പ്രേഷിത പ്രവർത്തനങ്ങളുടെ ശക്തിസ്രോതസ്സ് ഉള്ളിൽ വസിക്കുന്ന പരിശുദ്ധ ത്രിത്വത്തോ ടുള്ള നിരന്തരമായ ഐക്യം ആയിരിക്കണമെന്ന് വിശുദ്ധ അമ്മ ത്രേസ്യയിൽ നിന്ന് മദർ സെലിൻ




മനസ്സിലാക്കിയിരുന്നു. ഏതു ദുർഘട സാഹചര്യത്തെയും അതിജീവിക്കാൻ ആന്തരിക ജീവിതം സഹായിക്കുമെന്ന് അമ്മയ്ക്ക് ഉറപ്പു ണ്ടായിരുന്നു. "ഒരു വിനാഴിക പോലും ദിവ്യ നാഥനിൽ നിന്ന് അകന്ന് ഞാൻ ജീവിക്കുന്നില്ല"എന്ന് അമ്മ പറയുമായിരുന്നു. പരി ശുദ്ധ ത്രിത്വം ഹൃദയത്തിൽ അധിവസിക്കുന്നു എന്ന ബോധ്യം അമ്മയെ ആകമാനം വിഴുങ്ങിയിരു ന്നതായി സമകാലികർ സാക്ഷ്യ പ്പെടുത്തുന്നു. ഊണിലും ഉറക്ക ത്തിലും മറ്റുള്ളവരോട് ഇടപഴകു മ്പോൾ പോലും ഹൃദയത്തിലെ ഈ ദിവ്യാതിഥിയോടുള്ള നിര ന്തര സംഭാഷണത്തിലായിരിക്കും അമ്മ. സഭയുടെ സുപ്പീരിയർ ജനറൽ സ്ഥാനത്ത് നിന്ന് 1974-ൽ വിരമിക്കുമ്പോൾ പ്രാർഥനയിലും ധ്യാനത്തിലും മാത്രം കഴിയണം എന്നായിരുന്നു അമ്മയുടെ ആഗ്രഹം. കറുകുറ്റിയിലെ സാൻജോ ഭവൻ എന്ന പ്രാർഥ നാഭവനം (ഈ ഭവനം പിന്നീട് മിണ്ടാമഠം - cloistered convent - ആയിത്തീർന്നു.) ഈ ലക്ഷ്യത്തിനു വേണ്ടിയുള്ള അമ്മയുടെ സ്വപ്നസാക്ഷാൽക്കാരമായിരുന്നു. ആത്മാ വിന്റെ അകക്കൊട്ടാരത്തിൽ വസിക്കുന്ന ദിവ്യാതിഥിയുടെ കാവൽക്കാരിയായി, ആത്മാവാ കുന്ന പൊൻവിളക്കിനെ സ്നേഹനാള ത്താൽ ദീപ്തമാക്കിയ അമ്മയെത്തേടി സാൻജോ ഭവനിൽ എത്തിയ അനേകായിരങ്ങൾ ആത്മശാന്തി യുടെ സ്വാസ്ഥ്യം അനു ഭവിച്ചു. ആത്മീയ, വിശ്വാസ പ്രതിസന്ധി കളിൽ അകപ്പെട്ട് ആശ്വാസത്തിന് എത്തുന്ന അനേകരെ - അവരിൽ വൈദികരും സിസ്റ്റേഴ്സും അൽമായരും ഒക്കെയുണ്ട് - ചാരേ ചേർത്തിരുത്തി സ്നേഹപൂർവം അവരോട് സംസാരിക്കുമ്പോൾ അമ്മയുടെ വാക്കുകളേ ക്കാൾ ആ സാന്നിധ്യം തന്നെ സമാശ്വാസ മായി മാറി.

**കുട്ടികളോടൊപ്പം**

മദ്യപാനികൾക്ക് മോചനം ലഭിക്കുവാനും കുടുംബവഴക്കുകൾ അവസാനിപ്പിക്കുവാനും സെലീനാമ്മയുടെ പ്രാർഥനയും ഉപദേശവും തേടി ആളുകളെത്താൻ തുടങ്ങി. ചുറ്റുപാടു മുള്ള വീട്ടമ്മമാരെ വിളിച്ചുവരുത്തി ക്ലാസ്സെടുക്കുകയും അവർക്ക് ആത്മീയ പരിശീലനം നൽകുകയും ചെയ്തിരുന്നു. മദറിനെ കാണാനും കഥകൾ കേൾക്കാനും പടങ്ങൾ വാ ങ്ങാനുമായി ചുറ്റും കുട്ടികളോടി ക്കൂടുമായിരുന്നു. അവരുടെ നിഷ്കളങ്ക സ്നേഹവും കളിയും ചിരിയും സാൻജോ ഭവനിലെ പ്രാർഥനാന്തരീക്ഷത്തിന് തടസ്സമായി അമ്മ കണ്ടിരുന്നി ല്ല. കുട്ടികൾക്ക് വേണ്ടി പഴങ്ങളും മറ്റും ശേഖരിച്ച് ചിലതൊക്കെ സ്വയം പാകപ്പെടുത്തി പൊതിഞ്ഞുകെട്ടി വിശേഷപ്പെട്ട പലഹാരമാക്കി അമ്മ കുട്ടികൾക്ക് സമ്മാനിക്കുമായി




രുന്നു. പ്രാർഥനയുടെ സ്വച്ഛവും ശാന്തവുമായ അന്തരീക്ഷത്തിൽ മരണംവരെ സാൻജോ ഭവനിൽ ആയിരിക്കാൻ അമ്മ ആഗ്രഹിച്ചെ ങ്കിലും വാർദ്ധാക്യസഹജമായ അവശത കൾ കണക്കിലെടുത്ത് സെലീനാമ്മയെ കറുകുറ്റി മാതൃഭവനത്തിലേക്ക് തിരിച്ചുകൊണ്ടു പോകാൻ അധികാരികൾ തീരുമാനിച്ചു. 1991–ൽ തന്റെ 84–ാം വയസ്സിൽ അമ്മ കറുകു റ്റി മഠത്തിലേക്ക് തിരികെ എത്തി. ആ തിരിച്ചുവരവിൽ സെലീനാമ്മ ബാഹ്യബന്ധങ്ങൾ എല്ലാം ഉപേക്ഷിച്ചു. മാലാഖമാരോടും വിശുദ്ധരോടും ഒപ്പം അനർഗളമായ സ്തുതിപ്പിന്റെ ഒരു ജീവിത ശൈലിയിലേക്ക് പ്രവേശിച്ചിരുന്നു.

## പരിശുദ്ധ ത്രിത്വത്തിന്റെ  നിരന്തര സഹവാസം...

1993 ഏപ്രിൽ 23–ാം തീയതി വെള്ളിയാഴ്ച രാത്രി പത്തുമണിക്ക് നാഥന്റെ വരവിനായി പാർത്തുപാർത്തിരുന്ന ആ ആത്മാവ് തന്റെ ആത്മവല്ലഭനിൽ ലയിച്ചു ചേർന്നു. എറണാകുളം ജില്ലയിലെ കറുകുറ്റിയിലുള്ള കർമ്മലിത്താമഠത്തിൽ അമ്മയുടെ കബറി ടത്തിൽ എത്തി ആയിരങ്ങൾ ആത്മീയതയുടെ, ആശ്വാസത്തിന്റെ കൃപ തേടുന്നു. 2018 ഏപ്രിൽ ഒമ്പതാം തീയതി കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻ വീട്ടിൽ എന്നീ പിതാക്കന്മാരുടെ സഹ കാർമ്മികത്വ ത്തിൽ നടന്ന ചടങ്ങിൽ മദർ മേരി സെലിനെ ദൈവദാസിയായി പ്രഖ്യാപിച്ചു. അറിവിൽ നിന്ന് ജ്ഞാനത്തിലേക്കും ജ്ഞാനത്തിൽ നിന്ന് ആത്മജ്ഞാ നത്തി ലേക്കും ആത്മജ്ഞാനത്തിൽ നിന്ന് ആത്മസാക്ഷാൽ ക്കാരത്തിലേക്കും വളരാൻ വിദ്യാഭ്യാസ പ്രക്രിയയിലൂടെ കഴിയും എന്നതിന്റെ ഇത്തരം മുൻ മാതൃകകൾ നമുക്ക് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല. മദർ മേരി സെലിനെ പോലെയുള്ള ദൈവ മനുഷ്യരായ വിദ്യാഭ്യാസ പ്രവർത്തകരുടെ അദൃശ്യ സാ ന്നിധ്യം ഈ പുതിയ അധ്യയന വർഷത്തിൽ നമുക്ക് തുണയും കരുത്തും ആകട്ടെ. ❍




# സത്യദീപം ശതാബ്ദി പ്രഭയിൽ

**ഫാ. മാർട്ടിൻ എടയന്ത്രത്ത്**
**ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ**



1927 ജൂലൈ മൂന്നിന്, വി. തോമാശ്ലീഹായുടെ ഓർമ്മ തിരുനാളിലാണ് സത്യദീപത്തിന്റെ ആദ്യപ്രതി പ്രകാശനം ചെയ്യപ്പെട്ടത്. അന്നു കേരളത്തിലെ ക്രൈസ്തവസമൂഹത്തിൽ, ഇത്തരം ആനുകാലികങ്ങൾ തീരെ കുറവായിരുന്നു. ആ അഭാവം നികത്തുന്നത് സത്യദീപത്തിന്റെ സ്ഥാപനമാണ്.

1923 ലാണ് മാർപാപ്പ എറണാകുളം അതിരൂപത ആസ്ഥാനമായി സീറോ മലബാർ ഹൈരാർക്കി, സ്ഥാപിച്ചത്. 1927 ൽ സത്യദീപം വാരിക സ്ഥാപിക്കപ്പെട്ടു. അന്ന് അതിരൂപതാധ്യക്ഷനായിരുന്ന ആർച്ചുബിഷപ് അഗസ്റ്റിൻ കണ്ടത്തിൽ വാരിക സ്ഥാപിക്കുന്നതിനുള്ള കൽപനയും പ്രോത്സാഹനവും നൽകി. തന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സത്യം, ദീപം എന്നീ ബോട്ടുകൾ വിറ്റ് ഫാ. ജോസഫ് പഞ്ഞിക്കാരൻ വാരികയ്ക്കാവശ്യമായ മൂലധനം കണ്ടെത്തി. അതിരൂപതയിൽ, വേദപ്രചാരത്തിന്റെ ചുമതലയുണ്ടായിരുന്ന അദ്ദേഹവും പണ്ഡിതശ്രേഷ്ഠനായിരുന്ന ഫാ. ജേക്കബ് നടുവത്തുശ്ശേരിയും പ്രഥമ പത്രാധിപന്മാരായി. സഭാസംബന്ധമായ വിഷയങ്ങളിൽ അനുവാചകർക്കു വിവരം പകരുക എന്ന ലക്ഷ്യത്തോടെയാണ് വാരിക സ്ഥാപിക്കുന്നതെന്ന് ആദ്യലക്കത്തിൽ തന്നെ സ്ഥാപകർ വെളിപ്പെടുത്തിയിരുന്നു. ആഗോളസഭയിൽ നിന്നു

ള്ള വാർത്തകളും പ്രബോധനങ്ങളും മലയാളവായനക്കാരിലെത്തിക്കാനും ആനുകാലികസംഭവങ്ങളെ വിലയിരുത്താനും ആദ്യലക്കങ്ങൾ മുതലേ വാരിക ശ്രമിച്ചു പോന്നു.

നാലു പേജുകളിൽ 'റോയൽ സൈസിൽ' ആയിരുന്നു വാരിക പ്രസിദ്ധീകരിച്ചു തുടങ്ങിയത്. ബ്രോഡ് വേയിൽ, എറണാകുളം ആർച്ചുബിഷപ്പ് ഹൗസിനോടു ചേർന്നുള്ള മാർ ലൂയിസ് പ്രസിലായിരുന്നു അച്ചടി. പരിഷ്കരിച്ച ടാബ്ലോയിഡ് പതിപ്പ് 1947 ലെ പ്രഥമസ്വാതന്ത്ര്യദിനത്തിൽ പുറത്തിറങ്ങി. 1948 ൽ ഫാ. ജോസഫ് പാറേക്കാട്ടിൽ സത്യദീപത്തിന്റെ പത്രാധിപരായി നിയമിതനായി. 1953 ൽ ഈ ചുമതല വഹിക്കവേയാണ് അദ്ദേഹം അതിരൂപതയുടെ സഹായമെത്രാനായി നിയമിതനായത്. പിന്നീട്, അതിരൂപതാധ്യക്ഷനും കാർഡിനലുമായി മാറിയ മാർ പാറേക്കാട്ടിൽ സത്യദീപത്തെ വളർത്തുന്നതിൽ നിർണായക പങ്കു വഹിച്ചിരുന്നു.

ആഗോളസഭയിൽ വലിയ നവീകരണത്തിനും കാലാനുസൃതമായ പരിഷ്കരണത്തിനും വഴി തെളിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യം കേരളസഭയ്ക്കു പകരുന്നതിൽ 1960 കളിൽ സത്യദീപം ചരിത്രപരമായ പങ്കു വഹിച്ചു.

1966 ൽ എറണാകുളം നോർത്തിൽ വിയാനി പ്രിന്റിംഗ്സ് എന്ന പേരിൽ പുതിയ അച്ചടിശാല സ്ഥാപിക്കപ്പെടുകയും സത്യദീപത്തിന്റെ മുദ്രണം അവിടേയ്ക്കു മാറ്റുകയും ചെയ്തു. ആധുനികമായ അച്ചടി സംവിധാനങ്ങളും രൂപകൽപനയും സത്യദീപത്തിനു ലഭ്യമായി. ഉള്ളടക്കത്തിലും രൂപഭാവങ്ങളിലും കാലാനുസൃതമായി വാരിക നവീകരിക്കപ്പെട്ടുകൊണ്ടിരുന്നു. ഒപ്പം, കത്തോലിക്കാസഭയ്ക്കുള്ളിലെ സഭാവിഭാഗങ്ങൾക്കും രൂപതകൾക്കും അതീതമായ സ്വീകാര്യതയും പ്രചാരവും സത്യദീപം കരസ്ഥമാക്കി.

കേരളസഭയുടെ ശബ്ദമായി പൊതു സമൂഹം സത്യദീപത്തെ പരിഗണിച്ചപ്പോൾ, സഭയിലെ സാധാരണക്കാരുടെ ശബ്ദമായി സഭാധികാരികൾക്കു മുമ്പിൽ സത്യദീപം പ്രത്യക്ഷമായി. സത്യസന്ധവും നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ സമീപനമാണ് ഉള്ളടക്കത്തിന്റെ ക്രമീകരണത്തിൽ വാരിക എല്ലാ കാലവും പുലർത്തി പോന്നത്. ആത്മവിമർശനത്തിന്റെ ശബ്ദം വാരികയുടെ താളുകളിൽ സദാ മുഴങ്ങിക്കൊണ്ടിരുന്നു.

സ്ഥാപകപത്രാധിന്മാർക്കും കാർഡിനൽ പാറേക്കാട്ടിലിനും പുറമെ, ഫാ. തോമസ് വട്ടോലി, ഫാ. ജോസഫ് വിതയത്തിൽ, ഫാ. വർഗീസ് പഴേമഠം, ഫാ. തോമസ് മുളവരിക്കൽ, ഫാ. സേവ്യർ ചെറുപള്ളിക്കാട്ട്, മോൺ, തോമസ് മൂത്തേടൻ, ഫാ. ജോസ് തച്ചിൽ, ഫാ. പോൾ തേനായൻ, ഫാ. ജോസ് ചിറമേൽ, ഫാ.പോൾ തേലക്കാട്ട്, ഫാ. കുര്യാക്കോസ് മുണ്ടാടൻ, ഫാ. ചെറിയാൻ നേരെവീട്ടിൽ, ഫാ. വർഗീസ് തൊട്ടിയിൽ, ഫാ. മാത്യു കിലുക്കൻ എന്നിവർ ഇതുവരെയുള്ള വർഷങ്ങളിൽ പത്രാധിപന്മാരായി പ്രവർത്തിച്ചു. ഫാ. തോമസ് വെളുത്തേടത്ത്, ഫാ. ജേക്കബ് ഏറണാട്ട്, ഫാ. ആന്റണി ഇലവുംകുടി, ഫാ. ജോസഫ് മണവാളൻ, ഫാ. ജോർജ് പുതുശ്ശേരി, ഫാ. പോൾ വട്ടോലി, ഫാ. തോമസ് പുതിയവെളി, ഫാ. കുര്യാക്കോസ് പുത്തൻമാനായിൽ, ഫാ. ജോൺ തോക്കാനത്ത്, ഫാ.ജോർജ് പുത്തൻപുര, ഫാ. ജോസ് ഒഴലക്കാട്ട്, ഫാ, ജോസഫ് കൊടിയൻ, ഫാ. ജയിംസ് പെരേപ്പാടൻ, ഫാ. ജസ്റ്റിൻ പുതുശ്ശേരി എന്നിവർ മാനേജർമായിരുന്നു ❍



# ഗണിതത്തിൽ നിന്ന് ഗതി മാറ്റി സാമൂഹിക ശാസ്ത്ര പന്ഥാവിലെത്തി മുന്നേറിയ പ്രതിഭാധനൻ

**ഡോ. ചെറിയാൻ കുനിയന്തോടത്ത് സി എം ഐ**



സാമൂഹികവും ദൈവശാസ്ത്രപരവും ക്രൈസ്തവ സഭാപരവുമായ മേഖലകളിൽ അതുല്യ സംഭാവനകൾ കാഴ്ചവച്ച പ്രതിഭാധനനായിരുന്നു ഡോ.ജോസ് കുറിയേടത്ത് ലാശ. ഹൈസ്കൂൾ പഠനകാലത്തു തന്നെ അടുത്തറിയാൻ കഴിഞ്ഞിട്ടുണ്ട് അദ്ദേഹത്തെ. ക്ലാസ്സ്മേറ്റാകാൻ കഴിഞ്ഞത് മഹാഭാഗ്യമായി ഞാൻ കരുതുന്നു. ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളിലും ഒന്നാമനായിരുന്നു അദ്ദേഹം. തുടർന്ന് കുറെ വർഷങ്ങൾ അദ്ദേഹത്തോടൊപ്പം പഠിക്കാനും എനിക്കു കഴിഞ്ഞു. ഗണിത ശാസ്ത്രത്തിൽ പ്രഗല്ഭനാകുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. പക്ഷേ, ഗതിമാറിയ പഠനത്തിന്റെ ഫലമായി സാമൂഹിക ശാസ്ത്രത്തിലാണ് അദ്ദേഹത്തിനു പ്രാമാണികനായി മുന്നേറാൻ കഴിഞ്ഞത്. ഒരു ഡസൻ പുസ്തകങ്ങളും അൻപതിലേറെ ഗവേഷണ പ്രബന്ധങ്ങളും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. മികച്ച ഗവേഷണ ഗ്രന്ഥമായ Authority in Catholic Community in Kerala അദ്ദേഹത്തിനു പ്രശസ്തി നേടിക്കൊടുത്തു.തേവര സേക്രഡ് ഹാർട്ട് കോളേജിൽ പ്രഫസ്സറായും പ്രിൻസിപ്പലായും അദ്ദേഹം സേവനമനുഷ്ഠിച്ചു. ധർമാരാം കോളേജ്, മംഗലപ്പുഴ സെമിനാരി തുടങ്ങി നിരവധി കലാലയങ്ങളിൽ അധ്യാപകനായി പ്രവർത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കളമശ്ശേരി രാജഗിരി പ്രോവിൻസിന്റെ പ്രൊവിൻഷ്യലായി സേവനമനുഷ്ഠിച്ച അദ്ദേഹം രാജഗിരി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഡയറക്ടറായി. മികച്ച വാഗ്മിയായിരുന്ന ഡോ ജോസ് കുറിയേടത്ത് തന്റേതായ ആശയങ്ങൾ തന്മയത്വത്തോടെ, മൗലികമായി അവതരിപ്പിച്ചുവെന്നത് എടുത്തു പറയേണ്ടതുതന്നെ. മരണം വരെ കാക്കനാട് രാജഗിരി എൻജിനിയറിംഗ് കോളേജിന്റെ മികവിനായി അദ്ദേഹം പ്രയത്നിക്കുകയായിരുന്നു. 1945 ജൂലൈ 20 നാണു ജോസ് ഭൂജാതനായത്. എറണാകുളം അങ്കമാലി അതിരൂപതയിലെ കൊച്ചാൽ ഇടവകാംഗമാണ് അദ്ദേഹം. ജീവിതത്തിന്റെ നല്ലകാലം മുഴുവൻ വിദ്യാഭ്യാസ രംഗത്തു പ്രവർത്തിച്ച അദ്ദേഹം തന്റെ കൃതികളിലൂടെ എന്നും അനുസ്മരിക്കപ്പെടാതിരിക്കുകയില്ല. ❍



# ഫാ. ചെറിയാൻ വാരികാട്ട് നേരിനൊപ്പം നടന്നു ; എന്നും ഈ വൈദീക ശ്രേഷ്ഠൻ

**സേവ്യർ ആദപ്പിള്ളി**



റോം/കോതമംഗലം: യൂറോപ്പിലെ സീറോ മലബാർ വിശ്വാസി സമൂഹത്തിന്റെ അടിത്തറ പാകുന്നതിൽ നിർണായക പങ്കുവഹിച്ച പ്രമുഖ സഭാ ചരിത്രകാരനും പ്രഥമ കോർഡിനേറ്റർ ജനറലുമായ ഫാ. ചെറിയാൻ വാരിക്കാട്ട് (Fr. Cherian Varikkatt) (69) അന്തരിച്ചു. പി. ഒ. സി. ബൈബിൾ പ്രസാധന രംഗത്തെ ആദ്യകാല സഹകാരികളിൽ ഒരാളായിരുന്നു ഫാ ചെറിയാൻ. പി. ഒ. സി. ബൈബിളിന്റെ വിവർത്തന സഹകാരികളുടെ പട്ടികയിൽ റവ ബോബി വാരികാട്ട് എന്നാണ് നൽകിയിട്ടുള്ളത്. തികച്ചും സത്യസന്ധനായ സഭാ ശുശ്രൂഷയായിരുന്നു ചെറിയനാച്ചന്റെ മുഖമുദ്ര. 2016 മുതൽ 2019 വരെ യൂറോപ്പിലെ സീറോ മലബാർ അപ്പസ്തോലിക് വിസിറ്റേഷന്റെ പ്രഥമ കോർഡിനേറ്റർ ജനറലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അതൊടൊപ്പം മിഷന് അടിത്തറ പാകിയ അദ്ദേഹം, റോമിലെ മലയാളി സമൂഹത്തിന് ആത്മീയ അഭയകേന്ദ്രമൊരുക്കാൻ മൂന്ന് വർഷഫാ ത്തിലേറെ ചാപ്ലെയ്നായും പ്രവർത്തിച്ചു. ഇടുക്കി രൂപതയുടെ പ്രഥമ കത്തീഡ്രൽ വികാരിയായിരുന്നു. രൂപതയുടെ ആദ്യ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ അഭിഷേക ചടങ്ങുകൾക്ക് നേതൃത്വം നൽകി. കോതമംഗലം , ഇടുക്കി രൂപതകളുടെ സാമ്പത്തിക അടിത്തറ ദൃഢമാക്കുന്നതിൽ ചെറിയാനച്ചന്റെ പങ്ക് എപ്പോഴും ഓർമ്മിക്കേണ്ടതുണ്ട്. കോതമംഗലം രൂപതയിൽ കാറ്റിക്കിസം ഡയറക്ടർ, മൈനർ സെമിനാരി റെക്ടർ, പ്രൊക്യൂറേറ്റർ എന്നീ നിലകളിൽ ശ്രദ്ധേയമായ സേവനം കാഴ്ചവെച്ചു. സഭാ ചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, തൃശ്ശൂർ മേരി മാതാ മേജർ സെമിനാരി (വൈസ് റെക്ടർ) എന്നിവിടങ്ങളിൽ പ്രഫസറായിരുന്നു. നൂറുകണക്കിന് വൈദികരുടെ ശ്രേഷ്ഠ ഗുരുവായി അദ്ദേഹം. മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ്(എംഎസ്ജെ) സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ മോൺ. ജോസഫ് പഞ്ഞിക്കാരന്റെ വാഴ്ത്തപ്പെട്ട പദവിയിലേക്കുള്ള നാമകരണ നടപടികളുടെ 'പോസ്റ്റുലേറ്റർ' ആയും പ്രവർത്തിച്ചിട്ടുണ്ട്. ❍




# ചരിത്രവീഥികളിലെ തളരാത്ത അക്ഷരയാത്രികൻ

**ഡോ.ഗ്രിഗറി പോൾ**



എൺപത്തൊന്നാം വയസിലും ചുറുചുറുക്കോടെ ഗവേഷണ പഠനങ്ങളിൽ ഏർപ്പെട്ട് നോമ്പുകാല പുത്തൻപാന പാരായണം ജനകീയമാക്കിയ പ്രമുഖ ചരിത്രകാരനും കേരള ഫോക്ലോർ അക്കാദമി ഫെലോഷിപ്, കെസിബിസി ഗുരുപൂജ പുരസ്കാരം, കെഎൽസിഎച്ച്എ ചരിത്രപ്രതിഭ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടി ചരിത്ര ഗവേഷണ മേഖലയിൽ തന്റെ ഇടം അടയാളപ്പെടുത്തിയ ആന്റണി പുത്തൂർ ചാത്തിയാത്ത് കടന്നുപോയത് 2026 മെയ് 24 മെയ് 24-നാണ്. കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസ്സോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവും സജീവ പ്രവർത്തകനുമായിരുന്ന അദ്ദേഹം ചരിത്രാന്വേഷി എന്ന സംഘടനയുടെ ചെയർമാനുമായിരുന്നു. ഹോർത്തൂസ് മലബാറിക്കസിൽ നിർവചിച്ചിരിക്കുന്ന ഔഷധസസ്യങ്ങളെ സംബന്ധിച്ചുള്ള ഗവേഷണഗ്രന്ഥമായ 'ഹോർത്തൂസ്മലബാറിക്കസും നാട്ടു ചികിത്സാ രീതികളും' എന്ന ബൃഹത്തായ രചന പൂർത്തിയാക്കി പ്രസിദ്ധീകരണത്തിനൊരുങ്ങുന്ന അവസരത്തിലാണ് അദ്ദേഹത്തിന്റെ വിടവാങ്ങൽ. 'ഹോർത്തൂസ് മലബാറിക്കസ് എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ രചനയിൽ ഇറ്റാലിയൻ കർമലീത്ത വൈദികൻ മത്തേവൂസ് പാതിരിയുടെ പങ്ക്", 'ഹോർത്തൂസ് മലബാറിക്കസിന്റെ ഇംഗ്ലീഷ് വിവർത്തനത്തിൽ ലത്തീൻ പണ്ഡിതരായ വൈദികർ വഹിച്ച പങ്ക്" എന്നിവ വെളിപ്പെടുത്തുന്ന അദ്ദേഹത്തിന്റെ പുസ്തകങ്ങളും ലേഖനങ്ങളും ശ്രദ്ധേയമാണ്. 'ഹോർത്തൂസ് മലബാറിക്കസ് രചനയിൽ മത്തേവൂസ് പാതിരിയുടെ പങ്ക് എന്തുകൊണ്ടു തമസ്കരിക്കപ്പെട്ടു എന്നതിന്റെ ഗവേഷണപഠനത്തിനായി തന്റെ പ്രായം പരിഗണിക്കാതെയുള്ള പഠനങ്ങളിൽ ഏർപ്പെട്ടിരുന്ന അദ്ദേഹം രോഗബാധിതനായിട്ടും പരിശ്രമങ്ങൾ തുടരുകയായിരുന്നു. 'അർണോസ് പാതിരി: പുത്തൻ പാനയും ഇതരകാവ്യങ്ങളും' തുടങ്ങിയ ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ❍

# KCBC Media conclave 2026











# സ്നേഹത്തിന്റെ നാടായി മാറാം !

വാർത്ത

**ആന്റണി ചടയംമുറി**

തൃശ്ശൂർ അതിരൂപതയിലെ നടത്തറ തിരുഹൃദയ ദേവാലയത്തിന് ഇത് ശതാബ്ദി വർഷം. വളരെ ഗംഭീരമായും വിപുലമായും ആഘോഷിക്കേണ്ട ഈ ശതാബ്ദി വർഷത്തിൽ 1 കോടി രൂപ മുടക്കി 10 വീടുകൾ നിർമ്മിക്കാനും 28 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുമാണ് ഫാ. നോബി അമ്പൂക്കൻ വികാരിയായുള്ള ഇടവക തീരുമാനിച്ചത്! ജാതിയോ മതമോ നോക്കാതെ തിരുഹൃദയത്തിന്റെ നാമധേയത്തിലുള്ള ഒരു ദേവാലയം നടത്തിയ സ്നേഹസമർപ്പണം. തൃശ്ശൂർ ബിഷപ്പ് മാർ ടോണി നീലങ്കാവിലാണ് ഈ സ്നേഹ വീടുകളുടെ താക്കോൽ കൈമാറിയത്. ലെയോ പതിനാലാമൻ മാർപാപ്പയുടെ പ്രഥമ അപ്പസ്തോലിക പ്രബോധനമായ 'ദെ ലക്സി തെ' (ഞാൻ നിങ്ങളെ സ്നേഹിച്ചു) എന്നതിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഒരു ഇടവക നടപ്പാക്കിയ 'സ്നേഹവിപ്ലവഗാഥ' യാണിത്. കേരളമെന്ന 'ദൈവത്തിന്റെ നാട്' 'സ്നേഹത്തിന്റെ നാടാ'യി പരിണമിക്കുമ്പോൾ, കത്തോലിക്കാസഭ പൊതുസമൂഹത്തിന്റെ മുമ്പിൽ ദൃശ്യമാക്കുന്നത് നവീകരിക്കപ്പെടുന്ന ദൈവജനത്തിന്റെ കരുണയിലേക്കുള്ള ഹൃദയവാതിലുകളാണ്. കേരളത്തിലെ പല കത്തോലിക്കാ ഇടവകകളും ഇതേ രീതിയിൽ ആഘോഷങ്ങൾ മാറ്റിവച്ചുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നതായി വാർത്തകളുണ്ട്. ഏറെ ആഹ്ളാദകരമാണ് ഈ മാറ്റം. ഫ്രഞ്ച് വിപ്ലവകാലത്ത് ഫ്യൂഡൽ ജന്മിമാർക്ക് ഒപ്പം നിന്നുവെന്ന കാരണത്താൽ വിപ്ലവകാരികൾ എല്ലാ ക്രിസ്തീയ ദേവാലയങ്ങളും അരമനകളും തച്ചു തകർത്തപ്പോൾ, ആ തീവ്ര ചിന്താഗതിയുള്ളവർ തൊടാതെ പോയ ഒരു ശവകുടീരമുണ്ട്– ദരിദ്രരെ നെഞ്ചോട് ചേർത്ത സെന്റ് വിൻസെന്റ് ഡി പോളിന്റേതായിരുന്നു അത്. ദരിദ്രരെ നമ്മെ പൊള്ളലോടെ ഓർമ്മിപ്പിച്ച മറ്റൊരു വിശുദ്ധൻ കൂടിയുണ്ട്– വിശുദ്ധ ജോൺ ക്രിസോസ്റ്റം. വിശുദ്ധന്റെ വാക്കുകൾ ഇങ്ങനെ: "ദേവാലയത്തിന്റെ വാതിൽക്കൽ നിൽക്കുന്ന യാചകനിൽ നിങ്ങൾക്ക് ക്രിസ്തുവിനെ കാണാനായില്ലെങ്കിൽ, കാസയിലെ രക്തത്തിലും നിങ്ങൾക്ക് ക്രിസ്തുവിനെ കാണാനാവില്ല!"

ചിന്ത

ദരിദ്രരുടെ നിലവിളി ശ്രവിച്ചില്ലെങ്കിൽ, സഭയുടെ സാക്ഷ്യം ക്ഷയിക്കുന്നു.

**– ലെയോ പതിനാലാമൻ മാർപാപ്പ ( ഞാൻ നിങ്ങളെ സ്നേഹിച്ചു – നമ്പർ 80)**

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരു ഞങ്ങളോടു ചേരു...

ജീസസ് ആന്റ് മേരി സന്യാസസഭ

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 30-06-2026




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.